VOL NO: 05 I ISSUE 27
www.nerpatham.com
mail@nerpatham.com
2021 JULY 10 I ₹12

# നേർപഥം
വാരിക

# ജിഹാദ്: മാനവികതയും പ്രതിലോമ ചിന്തകളും

വർത്തമാനകാലത്ത് ഏറെ തെറ്റുധരിപ്പിക്കപ്പെട്ട പദമാണ് ജിഹാദ്. വിമർശകരിൽ മാത്രമല്ല, പ്രമാണങ്ങളിൽ ഗ്രാഹ്യമുള്ള വിശ്വാസികളിൽ വരെ കേവലം യുദ്ധവുമായി ബന്ധപ്പെട്ട പദമായി ജിഹാദിനെ മനസ്സിലാക്കിയവർ ഏറെയാണ്. ജിഹാദിനെ കുറിച്ചുള്ള പൊതുബോധം, പ്രവാചകന്റെ അധ്യാപനങ്ങൾ, ജനാധിപത്യ ഭരണഘടനയിൽ അതിന്റെ പ്രസക്തി, മുജാഹിദ് പ്രസ്ഥാനം പുലർത്തിപ്പോന്ന നിലപാട്... തുടങ്ങി വ്യത്യസ്ത വിഷയങ്ങൾ ചർച്ച ചെയ്യുന്നു.

- കോവിഡ് കാലത്തെ ബലിപെരുന്നാൾ



- അക്വബ ഉടമ്പടികൾ
- ഇബ്‌റാഹീം നബിയുടെ മാർഗം
- ദുൽഹജ്ജ് മാസത്തിലെ ശ്രേഷ്ഠദിനങ്ങൾ



ഇനി പഠനം രസകരമാകും
peaceradio
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ
കൂട്ടുകാരെ
രജിസ്റ്റർ ചെയ്യാൻ
മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
zameel
Zameel
Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ
ഫോണിൽ ലഭിക്കുവാൻ
ANDROID APP ON
Google play
Available on the
App Store
Peace Radio
RadioForPeace

# 0233
## നേർപഥം
വാരിക

2021 ജൂലൈ 10
1442 ദുൽക്വഅ്ദ 30
പുസ്തകം 05 / ലക്കം 27

Printed, published and owned by
K. Sajjad

Printed at Sprint Offset Printers
Kozhikode
Published at Kozhikode I 673002


Editor: Usman Palakkazhi
Chief Editor: Anil Primrose
Web Editor: Haseeb Elayur
Design, Cover & Layout:
Elan Creativo

Nerpatham Weekly I PB No: 597
EKP Complex I Kallai Road
Kozhikkode 2 I Kerala I India
Ph: 0495 4019437

mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly









**05**
**മുഖമൊഴി**
ഇബ്‌റാഹീം നബിയുടെ മാർഗം
എഡിറ്റർ

**06**
**ലേഖനം**
ആരാണ് ഏറ്റവും നല്ലവൻ?
ദുൽക്കർഷാൻ അലനല്ലൂർ

**18**
**ലേഖനം**
ദുൽഹജ്ജ് മാസത്തിലെ ശ്രേഷ്ഠദിനങ്ങൾ
അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി

**23**
**ലേഖനം**
കോവിഡ് കാലത്തെ ബലിപെരുന്നാൾ
എ.എസ്.എം

**26**
**ചരിത്രപഥം**
അക്വബ ഉടമ്പടികൾ
ഹുസൈൻ സലഫി, ഷാർജ

**32**
**വിവർത്തനം**
ആരാധനകൾക്കൊരു ആമുഖം
ശമീർ മദീനി

**34**
**കവിത**
എത്ര പെട്ടെന്നാണ്...!
സന്തോഷ് മലയാറ്റിൽ

## വായനക്കാർ എഴുതുന്നു




# ഉത്തമം സ്വഭാവത്തിലൂടെ സ്വർഗത്തിലേക്ക്

അല്ലാഹുവിന്റെ ഇഷ്ടവും ജനങ്ങളുടെ ഇഷ്ടവും ഒരുപോലെ നേടിയെടുക്കാൻ സാധിക്കുന്ന ഒന്നാണ് ആകർഷണീയമായ പെരുമാറ്റം. ഇരുലോകത്തും വമ്പിച്ച നേട്ടങ്ങളാണ് ഇതിലൂടെ കൈവരുന്നത്. സ്വർഗത്തിൽ ഏറ്റവും കൂടുതൽ ആളുകൾ പ്രവേശിക്കാൻ കാരണമെന്ന് നബിﷺ പഠിപ്പിച്ച രണ്ടു കാര്യങ്ങളാണ് തക്‌വ(ധർമനിഷ്ഠ)യും സൽസ്വഭാവവും.

സൽസ്വഭാവം മുഖേന മനുഷ്യന് ഉന്നതമായ പദവികൾ നേടിയെടുക്കാൻ കഴിയും എന്ന് റസൂൽ പഠിപ്പിച്ചിട്ടുണ്ട്. അന്നപാനീയങ്ങൾ വെടിഞ്ഞ് നോമ്പെടുക്കുന്നവന്റെയും രാത്രി ദീർഘമായി നമസ്കരിക്കുന്നവന്റെയും പദവികൾപോലും ഉന്നതമായ സ്വഭാവഗുണങ്ങളിലൂടെ നേടിയെടുക്കാൻ സാധിക്കും.

ആഇശ(റ)യിൽ നിന്ന്: "നബിﷺ പറഞ്ഞു: തീർച്ചയായും സത്യവിശ്വാസികളിൽ വിശ്വാസത്തിൽ ഏറ്റവും പൂർണതയുള്ളത് സ്വഭാവത്തിൽ ഏറ്റവും ഉത്തമമായവരാണ്" (സുനനു അഹ്മദ്).

പരലോകത്ത് മീസാനിൽ ഏറ്റവും കൂടുതൽ കനംതൂങ്ങത് സൽസ്വഭാവമാണ് എന്ന് നബിﷺ പഠിപ്പിച്ചിട്ടുണ്ട്. പക്വത, വിനയം, ലാളിത്യം, വിട്ടുവീഴ്ച, വിവേകം, അവധാനത, ക്ഷമ... ഇതെല്ലാം ഉൽകൃഷ്ടമായ സ്വഭാവത്തിന്റെ വിവിധ തലങ്ങളാണ്.

അചഞ്ചലമായ പരലോക വിശ്വാസമുള്ളവർക്ക് മാത്രമെ ഉപാധികളില്ലാതെ മറ്റുള്ളവരോട് ഏറ്റവും നന്നായി പെരുമാറാനും വിട്ടുവീഴ്ചാമനഃസ്ഥിതി കൈക്കൊള്ളാനും കഴിയുകയുള്ളൂ. ആത്മാർഥമായ സ്നേഹമെന്നത് ഉൽകൃഷ്ട സ്വഭാവത്തിന്റെ അടയാളമാണ്.

'ജനങ്ങളോട് ഉത്തമ സ്വഭാവത്തോടെ നീ പെരുമാറുക' എന്ന് നബിﷺ പറഞ്ഞതായി കാണാം. ഈ കൽപന അനുസരിക്കുകവഴി നബിചര്യ പിന്തുടരുക എന്ന മഹത്തായ നേട്ടംകൂടി നമുക്ക് സമ്പാദിക്കാൻ സാധിക്കും.

അബൂഹുറയ്റ(റ)യിൽനിന്ന് നിവേദനം: റസൂൽﷺ പറഞ്ഞു: 'തീർച്ചയായും ഞാൻ നിയുക്തനായിട്ടുള്ളത് ഉത്തമസ്വഭാവങ്ങൾ പൂർത്തീകരിക്കുവാൻ വേണ്ടിയാണ്.'

മോശപ്പെട്ട സ്വഭാവമുണ്ടായിരുന്ന എത്രയോ ആളുകൾ സൽസ്വഭാവികളായി മാറിയതിന് ചരിത്രം സാക്ഷിയാണ്. അല്ലാഹുവിലുള്ള ദൃഢവിശ്വാസവും പരലോകം യാഥാർഥ്യമാണെന്ന ഉറച്ച ബോധവുമാണ് അവരുടെ ദുഃസ്വഭാവങ്ങൾ വെടിയാൻ അവർക്ക് നിമിത്തമായത്.

ഒരിക്കൽ നബിﷺയെ കാണാൻ വേണ്ടി മറുനാട്ടിൽനിന്നും ഒരു സംഘം മദീനയിൽ എത്തി. അവർ തിരക്കുകൂട്ടി നബിയുടെ അരികിലേക്ക് വന്നു. എന്നാൽ സംഘത്തിൽ ഉണ്ടായിരുന്ന അശജ്ജ് അബ്ദുൽ കൈസ് എന്ന ഒരു സ്വഹാബി തന്റെ വാഹനം സാവധാനത്തിൽ നിർത്തി പക്വതയോടുകൂടി നബിയുടെ അടുത്തേക്ക് വന്നപ്പോൾ അദ്ദേഹത്തോട് നബിﷺ പറഞ്ഞു:

"തീർച്ചയായും താങ്കളിൽ രണ്ട് ഗുണങ്ങളുണ്ട്. രണ്ടും അല്ലാഹു ഇഷ്ടപ്പെടുന്നു. വിവേകവും അവധാനതയും" (മുസ്‌ലിം).

'അല്ലാഹുവും റസൂലും ഇഷ്ടപ്പെടുന്ന രണ്ട് ഗുണങ്ങൾ എന്റെ പ്രകൃതത്തിലൂട്ടിയ അല്ലാഹുവിന് സ്തുതി' എന്നായിരുന്നു ആ സ്വഹാബിയുടെ പ്രതികരണം.

നബിﷺയുടെ ഒരു പ്രാർഥന കാണുക: "അല്ലാഹുവേ, ഏറ്റവും മികച്ച കർമങ്ങളിലേക്കും ഏറ്റവും മികച്ച സ്വഭാവങ്ങളിലേക്കും എന്നെ നീ വഴിനടത്തേണമേ. നീയല്ലാതെ ഏറ്റവും മികച്ചതിലേക്ക് വഴി നടത്താൻ മറ്റാരുമില്ല. ദുഷിച്ച കർമങ്ങളിൽ നിന്നും ദുഃസ്വഭാവങ്ങളിൽനിന്നും എന്നെ നീ കാത്തുരക്ഷിക്കേണമേ. മോശമായതിൽനിന്നും കാത്തുരക്ഷിക്കാൻ മറ്റാരുമില്ല" (നസാഈ).

**ശാഹിദ ബിൻത് ഫരീദ്, പട്ടർക്കുളം, മഞ്ചേരി**

മുഖമൊഴി

# ഇബ്‌റാഹീം നബിയുടെ മാർഗം

നശ്വരമായ ഐഹികജീവിതം സ്രഷ്ടാവിന്റെ കൽപനകൾക്കനുസരിച്ച് ക്രമപ്പെടുത്തുവാൻ തീരുമാനിച്ചവനാണ് മുസ്‌ലിം. അങ്ങനെ ജീവിച്ച് മാതൃക കാണിച്ചവരാണ് പ്രവാചകന്മാർ. ആ പ്രവാചകന്മാരാണ് വിശ്വാസികൾക്ക് മാതൃക.

ഹജ്ജും ബലിപെരുന്നാളും വരുമ്പോൾ ഇബ്‌റാഹീം നബി﵇യെയും കുടുംബത്തെയും ഓർക്കാതിരിക്കാൻ വിശ്വാസികൾക്ക് കഴിയില്ല. വിശ്വാസദാർഢ്യത്തിന്റെ പ്രതിരൂപമായിരുന്നു ഇബ്‌റാഹീം നബി﵇. ഇബ്‌റാഹീം നബി﵇യുടെ ജീവിതം സമർപ്പണത്തിന്റെ ചരിത്രമാതൃകയാണ്. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും ഏകദൈവാദർശത്തിൽ അടിയുറച്ചുള്ള ജീവിതവുമാണ് ഇബ്‌റാഹീം നബി﵇യുടെ ജീവിതത്തിൽനിന്ന് ക്വുർആൻ ഉയർത്തിക്കാട്ടുന്ന ഉദാത്ത മൂല്യങ്ങൾ. തന്റെ വിശ്വാസത്തിന്റെ കാര്യത്തിൽ ഏതെങ്കിലും തരത്തിലുള്ള ദൗർബല്യത്തോടുകൂടി മുന്നോട്ട് പോകുവാൻ ഇബ്‌റാഹീം നബി﵇ ഒരുക്കമായിരുന്നില്ല. മരണത്തിനുശേഷം മനുഷ്യരാശിയെ പുനരുജ്ജീവിപ്പിക്കുമെന്ന ദൃഢവിശ്വാസം ഇബ്‌റാഹീം നബി﵇ക്ക് ഉണ്ടായിരുന്നു. എന്നിട്ടും തനിക്കുള്ളിൽ ഏതെങ്കിലും തരത്തിലുള്ള വിശ്വാസദൗർബല്യം നാമ്പെടുക്കാതിരിക്കാനായി അദ്ദേഹം മരിച്ചവരെ പുനരുജ്ജീവിപ്പിക്കുന്ന വിധം തനിക്ക് കാണിച്ചുതരണമെന്ന് ആവശ്യപ്പെട്ടപ്പോൾ, താങ്കൾക്ക് വിശ്വാസമില്ലേ എന്ന ചോദ്യം അദ്ദേഹത്തോടുണ്ടായി. എന്റെ ഹൃദയം ശാന്തിയടയാൻ എന്ന മറുപടിയാണ് ഇബ്‌റാഹീം നബി﵇ നൽകിയത്. പ്രസ്തുത സംഭവം വിശുദ്ധ ക്വുർആനിൽ വിവരിച്ചിട്ടുള്ളത് ഇപ്രകാരമാണ്:

"എന്റെ നാഥാ! മരണപ്പെട്ടവരെ നീ എങ്ങനെ ജീവിപ്പിക്കുന്നുവെന്ന് എനിക്ക് നീ കാണിച്ചുതരേണമേ എന്ന് ഇബ്‌റാഹീം പറഞ്ഞ സന്ദർഭവും (ശ്രദ്ധേയമാകുന്നു). അല്ലാഹു ചോദിച്ചു: നീ വിശ്വസിച്ചിട്ടില്ലേ? ഇബ്‌റാഹീം പറഞ്ഞു: അതെ! പക്ഷേ, എന്റെ മനസ്സിന് സമാധാനം ലഭിക്കാൻ വേണ്ടിയാകുന്നു. അല്ലാഹു പറഞ്ഞു: എന്നാൽ നീ നാല് പക്ഷികളെ പിടിക്കുകയും അവയെ നിന്നിലേക്ക് അടുപ്പിക്കുകയും (അവയെ കഷ്ണിച്ചിട്ട്) അവയുടെ ഓരോ അംശം ഓരോ മലയിലും വെക്കുകയും ചെയ്യുക. എന്നിട്ടവയെ നീ വിളിക്കുക. അവ നിന്റെ അടുക്കൽ ഓടിവരുന്നതാണ്. അല്ലാഹു പ്രതാപവാനും യുക്തിമാനുമാണ് എന്ന് നീ മനസ്സിലാക്കുകയും ചെയ്യുക" (ക്വുർആൻ 2:260).

ഇബ്‌റാഹീം നബി﵇യുടെ ജീവിതം ഒരു പാഠപുസ്തകമാണ്. മനുഷ്യരാശിയിൽ ഓരോ അംഗത്തിനും ജീവിതത്തിൽ പകർത്താവുന്നതും പകർത്തേണ്ടതുമായ മാതൃക. ജാതി, മത, വർഗ, വംശ, ഭാഷ, ദേശങ്ങൾക്കതീതമായ; സാർവകാലികവും സാർവലൗകികവുമായ മഹത്തായ ജീവിത മാതൃകയാണ് അദ്ദേഹത്തിന്റെത്. യഹൂദരും ക്രൈസ്തവരും അടക്കമുള്ളവരെല്ലാം അംഗീകരിക്കുന്ന നേതാവായ ഇബ്‌റാഹീം നബി﵇യെ പിൻപറ്റുവാനുള്ള മാർഗം വിശുദ്ധ ക്വുർആൻ അവലംബിക്കുക എന്നത് മാത്രമാണ്.

ഇബ്‌റാഹീമീ സരണിയുടെ മൂല്യങ്ങളും ആദർശങ്ങളും മാനവരാശിക്ക് എത്തിച്ചുകൊടുക്കുന്ന വേദഗ്രന്ഥമാണ് വിശുദ്ധ ക്വുർആൻ. ഇബ്‌റാഹീം നബി﵇യെ പിന്തുടരണമെന്ന് ആഗ്രഹിക്കുന്നവർക്ക് മുന്നിലുള്ള പ്രായോഗിക മാർഗം വിശുദ്ധ ക്വുർആനിന്റെ അധ്യാപനങ്ങൾ അംഗീകരിക്കുക എന്നത് മാത്രമാണ്. മറ്റെവിടെ അന്വേഷിച്ചാലും ഇബ്‌റാഹീമീ സരണിയുടെ മാർഗദർശനം മനുഷ്യരാശിക്ക് ലഭിക്കുകയില്ല. അല്ലാഹു പറയുന്നു:

"സദ്‌വൃത്തനായിക്കൊണ്ട് തന്റെ മുഖത്തെ അല്ലാഹുവിന് കീഴ്പെടുത്തുകയും നേർമാർഗത്തിലുറച്ച് നിന്നുകൊണ്ട് ഇബ്‌റാഹീമിന്റെ മാർഗത്തെ പിന്തുടരുകയും ചെയ്തവനെക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്?..." (ക്വുർആൻ 4:125).

"സ്വന്തം ആത്മാവിനെ മൂഢമാക്കിയവനല്ലാതെ മറ്റാരാണ് ഇബ്‌റാഹീമിന്റെ മാർഗത്തോട് വിമുഖത കാണിക്കുക? ഇഹലോകത്തിൽ അദ്ദേഹത്തെ നാം വിശിഷ്ടനായി തെരഞ്ഞെടുത്തിരിക്കുന്നു. പരലോകത്ത് അദ്ദേഹം സജ്ജനങ്ങളുടെ കൂട്ടത്തിൽ തന്നെയായിരിക്കും" (ക്വുർആൻ 2:130).

ദുൽക്കർഷാൻ അലനല്ലൂർ
dulkaralr@gmail.com

ലേഖനം



# ആരാണ് ഏറ്റവും നല്ലവൻ?

4

**8. നമസ്കാരത്തിൽ മറ്റുള്ളവരെ പരിഗണിക്കുന്നവൻ**

ഇബ്നു അബ്ബാസ്ﷺ നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങളിൽ ഉത്തമൻ നമസ്കാരത്തിൽ തോളയഞ്ഞവയനാണ്" (അബൂദാവൂദ്).

ജമാഅത്ത് നമസ്കാരം നടന്നുകൊണ്ടിരിക്കെ പള്ളിയിൽ സ്വഫ്ഫ് ശരിയാക്കി നിൽക്കുന്നതിനിടയിലേക്ക് പുതുതായി ഒരാൾകൂടി വന്നാൽ അദ്ദേഹത്തിന് ആ സ്വഫ്ഫിൽ നിൽക്കാൻ സൗകര്യം ശരിപ്പെടത്തിക്കൊടുക്കുന്നതിന്റെ ശ്രേഷ്ഠത ഈ ഹദീഥ് മനസ്സിലാക്കിത്തരുന്നു.

നമസ്കരിക്കുമ്പോൾ സ്വഫ്ഫ് ശരിയാക്കുന്നതുമായി ബന്ധപ്പെട്ടുവന്ന ഹദീഥുകളിൽനിന്നും അതിന്റെ ഗൗരവവും മഹത്ത്വവും നമുക്ക് മനസ്സിലാകും. ചില ഹദീഥുകൾ ശ്രദ്ധിക്കുക:

അബ്ദുല്ലാഹ് ഇബ്നുമസ്ഊദ്ؓ നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങളുടെ കൂട്ടത്തിൽ ബുദ്ധിയും തന്റേടവുമുള്ളവർ എന്നോട് അടുത്ത് (ആദ്യത്തെ സ്വഫ്ഫിൽ) നിൽകട്ടെ. പിന്നീട് അതിനോട് അടുത്ത് വരുന്നവരും (ഇത് മൂന്ന് പ്രാവശ്യം നബിﷺ പറഞ്ഞു). (അദ്ദേഹം തുടർന്നു) 'അങ്ങാടികളിലെ ബഹളങ്ങളെ നിങ്ങൾ സൂക്ഷിക്കുക" (മുസ്ലിം)

അനസ് ഇബ്നുമാലിക്ؓ നിവേദനം, നബിﷺ പറഞ്ഞു: "നിങ്ങൾ (നമസ്കാരത്തിൽ) സ്വഫ്ഫ് ശരിയാക്കുക. തീർച്ചയായും സ്വഫ്ഫ് ഒപ്പിച്ചുനിൽക്കൽ നമസ്കാരത്തിന്റെ പൂർണതയിൽപെട്ടതാണ്" (മുസ്ലിം).

അബൂഹുറയ്റؓ നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങൾ നമസ്കാരത്തിൽ അണി (സ്വഫ്ഫ്) പൂർത്തിയാക്കുക. തീർച്ചയായും അണി ശരിപ്പെടുത്തൽ നമസ്കാരത്തിന്റെ മേൻമയിൽ പെട്ടതാണ്" (മുസ്ലിം).

നുഅ്മാൻ ഇബ്നുബശീർؓ നിവേദനം; നബിﷺ പറയുന്നതായി ഞാൻ കേട്ടു: "നിങ്ങൾ (നമസ്കാരത്തിൽ) അണികൾ ശരിപ്പെടുത്തുക. അല്ലെങ്കിൽ അല്ലാഹു നിങ്ങൾക്കിടയിൽ (മനസ്സുകൾ തമ്മിൽ) അനൈക്യം ഉണ്ടാക്കും" (മുസ്ലിം).

നുഅ്മാൻ ഇബ്നുബശീർؓ നിവേദനം: "നബിﷺ ഞങ്ങളുടെ സ്വഫ്ഫുകൾ ശരിപ്പെടുത്തുമായിരുന്നു; ചെത്തിമിനുക്കിയ ഒരമ്പ് ശരിപ്പെടുത്തുന്നപോലെ! ഞങ്ങൾ ആ കാര്യം ഗ്രഹിച്ചിരിക്കുന്നുവെന്ന് അദ്ദേഹം മനസ്സിലാക്കുന്നതുവരെ. പിന്നീട് ഒരു ദിവസം അദ്ദേഹം നമസ്കാരത്തിന് നിൽക്കുകയും തക്ബീർ ചൊല്ലാൻ തുടങ്ങുകയും ചെയ്തപ്പോൾ ഒരാൾ അണിയിൽനിന്ന് മുന്നോട്ട് തള്ളിനിൽക്കുന്നത് കണ്ടു. അപ്പോൾ അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ ദാസന്മാരേ, നിങ്ങൾ സ്വഫ്ഫുകൾ (അണികൾ) ഒപ്പിച്ചു നിൽക്കുക. അല്ലെങ്കിൽ അല്ലാഹു നിങ്ങൾക്കിടയിൽ അനൈക്യം സൃഷ്ടിക്കും" (മുസ്ലിം).

ഇന്ന് മിക്ക പള്ളികളിലും ഇക്കാര്യം പരിഗണിക്കാത്തവരെ കാണാം. പലരും അറിവില്ലായ്മകൊണ്ടോ അഹങ്കാരംകൊണ്ടോ ഇതിൽ വിമുഖത കാണിക്കുന്നു. സംഘടനാസങ്കുചിതത്വം ഈ വിഷയത്തിൽപോലും കാണിക്കുന്നവർ ഇല്ലെന്നു പറയാനാകില്ല. തോളോടു തോളുരുമ്മി, കാൽപാദങ്ങൾ പരസ്പരം തട്ടിച്ചുനിൽക്കുമ്പോൾ പരസ്പരം സ്നേഹം വർധിക്കുകയും വിദ്വേഷമുണ്ടെങ്കിൽ അത് അലിഞ്ഞുപോകുകയും ചെയ്യുമെന്നതിൽ സംശമില്ല. എന്നാൽ അതിൽ അസഹ്യതകാണിക്കുകയും അത് മതത്തിൽ അതിരുകവിയലാണെന്ന് വ്യാഖ്യാനിക്കുകയും ചെയ്യുന്നവർ വാസ്തവത്തിൽ നബിﷺയുടെ ചര്യയെയാണ് അവഗണിക്കുന്നത്.

### 9. ദീർഘായുസ്സ് ലഭിക്കുകയും നന്മ ചെയ്യുകയും ചെയ്തവൻ

അബ്ദുല്ലാഹ് ഇബ്നു ബുസ്ർؓ നിവേദനം; നബിﷺ ചോദിക്കപ്പെട്ടു: 'ആരാണ് ഏറ്റവും നല്ലവൻ?' നബിﷺ പ്രതിവചിച്ചു: 'ആയുസ്സ് നീട്ടിക്കിട്ടുകയും സൽകർമം ചെയ്യുകയും ചെയ്തവൻ" (തിർമിദി).

ഇഹലോകത്ത് ഏറെക്കാലം ജീവിക്കുകയും ജീവിക്കുന്ന കാലമത്രയും നന്മചെയ്യാൻ സാധിക്കുകയും ചെയ്യുക എന്നുള്ളത് അല്ലാഹുവിന്റെ ഔദാര്യവും വളരെ വലിയ സൗഭാഗ്യവും തന്നെ



യാണ്. പ്രവാചകശിഷ്യന്മാരും അവരുടെ പിൻഗാമികളിൽ പെട്ടവരും നന്മകളിൽ കാണിച്ച വർധിച്ച താൽപര്യം വിസ്മയകരമാണ്. ഒരു സംഭവം കാണുക:

അബൂഹുറയ്റ ﷺ നിവേദനം; നബി ﷺ ചോദിച്ചു: 'ആരുണ്ട് ഇന്നത്തെ പ്രഭാതത്തിൽ നോമ്പുകാരനായി?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബി ﷺ ചോദിച്ചു: 'ആരുണ്ട് ഇന്ന് നിങ്ങളിൽ ജനാസയെ അനുഗമിച്ചവൻ?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബി ﷺ ചോദിച്ചു: 'ആരുണ്ട് ഈ ദിനം നിങ്ങളിൽ പാവപ്പെട്ടവന് ഭക്ഷണം നൽകിയവൻ?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബി ﷺ ചോദിച്ചു: 'ആരുണ്ട് ഇന്ന് നിങ്ങളിൽ രോഗിയെ സന്ദർശിച്ചവനായിട്ട്?' അബൂബക്കർ ﷺ പറഞ്ഞു: 'ഞാനുണ്ട്.' നബി ﷺ പറഞ്ഞു: 'ആരിലാണോ ഈ കാര്യങ്ങൾ ഒരുമിക്കുന്നത്, അവൻ സ്വർഗത്തിൽ പ്രവേശിക്കാതിരിക്കുകയില്ല' (മുസ്‌ലിം).

സ്വർഗംകൊണ്ട് സന്തോഷവാർത്തയറിയിക്കപ്പെട്ട സുബൈർ ഇബ്നുൽ അവ്വാം ﷺ മിന്റെ മകനും പ്രശസ്ത താബിഈവര്യനുമായ ഉർവതുബ്നുസുബൈർ(റഹി) ഹിജ്റ തൊണ്ണൂറ്റിനാലിൽ തന്റെ അറുപത്തിയേഴാം വയസ്സിൽ ഇഹലോകം വെടിയുന്ന സന്ദർഭത്തിൽ നോമ്പുകാരനായിരുന്നു. അതിനെക്കുറിച്ച് ഉർവയുടെ മകൻ ഹിശാം പറയുന്നത് ഇങ്ങനെയാണ്: 'നോമ്പ് മുറിക്കാനാവശ്യപ്പെട്ടെങ്കിലും അതിന്കൂട്ടാക്കാതെ അദ്ദേഹം നോമ്പ് തുടർത്തുകയായിരുന്നു.'

നോമ്പുകാരനായി റബ്ബിനെ കണ്ടുമുട്ടണമെന്ന ആഗ്രഹമായിരിക്കാം അദ്ദേഹം നോമ്പ് മുറിക്കാതിരുന്നതിനുള്ള കാരണം.

### 10. അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നല്ലകൂട്ടുകാരൻ, നല്ല അയൽവാസിയും

അബ്ദുല്ലാഹ് ഇബ്നുഅംറ് ﷺ നിവേദനം; നബി ﷺ പറഞ്ഞു: "അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നല്ല കൂട്ടുകാരൻ തന്റെ കൂട്ടുകാരനോട് ഏറ്റവും



നന്നായി പെരുമാറുന്നവനാണ്. അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും നല്ല അയൽക്കാരൻ തന്റെ അയൽവാസിയോട് നന്നായി പെരുമാറുന്നവനാണ്" (തിർമിദി).

അയൽവാസിയെ ആദരിക്കാൻ പഠിപ്പിച്ച മതമാണ് ഇസ്‌ലാം. അവന്റെ മതമോ, വർണമോ, അവന്റെ ഭാഷയോ അതിന് തടസ്സമായിക്കൂടാ.

ആഇശ ﷺ നിവേദനം; നബി ﷺ പറയുന്നതായി ഞാൻ കേട്ടു: "ജിബ്‌രീൽ എന്നോട് അയൽക്കാരനെക്കുറിച്ച് ഉപദേശിച്ചുകൊണ്ടേയിരുന്നു. അവൻ അനന്തരവകാശം ലഭിക്കുന്നവനാക്കുമോ എന്നുപോലും ഞാൻ വിചാരിച്ചു" (മുസ്‌ലിം).


അബൂദർറ് ﷺ നിവേദനം; നബി ﷺ പറഞ്ഞു: "ഹേ അബൂദർറ്, നീ കറി പാകം ചെയ്താൽ അതിൽ വെള്ളം അധികരിപ്പിക്കുക. അങ്ങനെ അയൽക്കാരെ കൂടി പരിഗണിക്കുക" (മുസ്‌ലിം).

അബൂഹുറയ്റ ﷺ നിവേദനം; നബി ﷺ പറഞ്ഞു: "അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലത് പറയുകയോ അല്ലെങ്കിൽ മിണ്ടാതിരിക്കുകയോ ചെയ്യട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അയൽവാസിയെ ആദരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തന്റെ അതിഥിയെ ബഹുമാനിക്കട്ടെ" (മുസ്‌ലിം).

അയൽവാസിയെ ആദരിക്കുക എന്നത് അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവരുടെ ഗുണമാണെന്ന് മനസ്സിലാക്കിയ ഒരു വിശ്വാസി എങ്ങനെയാണ് തന്റെ അയൽവാസിയെ ഉപദ്രവിക്കുക? ഒരാൾ തന്റെ അയൽവാസിയെ ഉപദ്രവിച്ചാൽ അവന് സ്വർഗപ്രവേശനം സാധ്യമല്ല എന്നുപോലും നബിﷺ അരുളിയിട്ടുണ്ട്. അബൂഹുറയ്റ‍ؓ നിവേദനം; നബിﷺ പറഞ്ഞു: "ഏതൊരാളുടെ അയൽവാസി തന്റെ ഉപദ്രവത്തിൽനിന്ന് നിർഭയനാകുന്നില്ലയോ എങ്കിൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല" (മുസ്‌ലിം).

## 11. ഹൃദയം ശുദ്ധീകരിച്ചവൻ, നാവിനെ സൂക്ഷിച്ചവൻ

അബ്ദുല്ലാഹ് ഇബ്നു അംറ്ؓ നിവേദനം; നബിﷺ ചോദിക്കപ്പെട്ടു: 'ജനങ്ങളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണ്?' നബിﷺ പറഞ്ഞു: 'എല്ലാ മഖ്മൂമുൽ ക്വൽബും (ഹൃദയം ശുദ്ധീകരിച്ചവൻ) നാവിനെ സത്യപ്പെടുത്തിയവനും.' ചോദിക്കപ്പെട്ടു: 'നാവിനെ സത്യപ്പെടുത്തൽ ഞങ്ങൾ മനസ്സിലാക്കുന്നു. മഖ്മൂമുൽക്വൽബ് (ഹൃദയം ശുദ്ധീകരിച്ചവൻ) എന്താണെന്ന് അറിയിച്ചാലും.' നബിﷺ പറഞ്ഞു: 'തക്വയുള്ളവൻ (സൂക്ഷ്മതയുള്ളവൻ), വൃത്തിയുള്ളവൻ(ശുദ്ധീകരിച്ചവൻ), പാപമോ വിദ്വേഷമോ പഴിയോ അസൂയയോ ഇല്ലാത്തവൻ' (ഇബ്നുമാജ).



അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ ഒന്നാണ് നാവ്. സംസാരശേഷിയാകട്ടെ മനുഷ്യന് ലഭിച്ച സവിശേഷ ഗുണവും. നാവും ചുണ്ടുകളും അതുമുഖേനയുള്ള സംസാരിക്കാനുള്ള ശേഷിയും അല്ലാഹു മനുഷ്യന് നൽകിയ അനുഗ്രമാണെന്ന് ക്വുർആൻ (90:9) പറയുന്നുണ്ട്.

ഒരു വിശ്വാസി തന്റെ നാവിനെ സൂക്ഷിക്കണം. നാവിൽനിന്ന് അപരന് അപകടം വരുത്തുന്ന വാക്കുകൾ വന്നുകൂടാ. മറ്റുള്ളവരുടെ കുറവുകളും ന്യൂനതകളും (ഏഷണി, പരദൂഷണം) പറയൽ സ്വന്തം പ്രവർത്തനഫലത്തെ നിഷ്ഫലമാക്കുന്ന കാര്യമാണ്.

അല്ലാഹു പറയുന്നു: "സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും ശരിയായ വാക്ക് പറയുകയും ചെയ്യുക" (ക്വുർആൻ 33:70).

സംസാരം നന്നാക്കിയവന് അല്ലാഹു നൽകുന്ന പ്രതിഫലത്തെക്കുറിച്ച് അറിയിക്കുന്ന ഒരു നബിവചനം കാണുക: അബൂമാലിക് അൽഅശ്അരിؓ നിവേദനം; നബിﷺ പറഞ്ഞു: "തീർച്ചയായും സ്വർഗത്തിൽ ഒരു മുറിയുണ്ട്. അതിന്റെ പുറമെനിന്ന് നോക്കിയാൽ അകവും അകത്തുനിന്ന് നോക്കിയാൽ പുറവും കാണാം. (സാധുക്കളെ) ഭക്ഷിപ്പിച്ചവനും സംസാരം നന്നാക്കിയവനും (ഐഛികമായ) നോമ്പ് പതിവാക്കിയവനും ജനങ്ങൾ ഉറങ്ങുമ്പോൾ രാത്രിനമസ്കാരം നിർവഹിച്ചവനും (വേണ്ടി) അല്ലാഹു അത് ഒരുക്കിവെച്ചിരിക്കുന്നു." (അഹ്മദ്).

നാവിനെ സൂക്ഷിച്ചില്ലെങ്കിൽ നരകം ലഭിക്കുമെന്ന മുന്നറിയിപ്പ് നബിﷺ നൽകിയിട്ടുണ്ട്. അബൂഹുറയ്റؓ നിവേദനം: "ജനങ്ങൾ ധാരാളമായി സ്വർഗത്തിൽ പ്രവേശിക്കുന്ന കാര്യത്തെക്കുറിച്ച് നബിﷺചോദിക്കപ്പെട്ടു. നബിﷺ പറഞ്ഞു: 'ഭക്തിയും സൽസ്വഭാവവും.' പിന്നെ ചോദിക്കപ്പെട്ടു; ജനങ്ങളിൽ അധികവും നരകത്തിൽ പ്രവേശിക്കുന്നതിനെപ്പറ്റി. അപ്പോൾ നബിﷺപറഞ്ഞു: 'വായയും (നാവും) ഗുഹ്യാവയവും" (തിർമിദി). **(അവസാനിച്ചു)**




# ജിഹാദ്: മാനവികതയും പ്രതിലോമ ചിന്തകളും

**വര്‍ത്തമാനകാലത്ത് ഏറെ തെറ്റുധരിപ്പിക്കപ്പെട്ട പദമാണ് ജിഹാദ്. വിമര്‍ശകരില്‍ മാത്രമല്ല, പ്രമാണങ്ങളില്‍ ഗ്രാഹ്യമുള്ള വിശ്വാസികളില്‍ വരെ കേവലം യുദ്ധവുമായി ബന്ധപ്പെട്ട പദമായി ജിഹാദിനെ മനസ്സിലാക്കിയവര്‍ ഏറെയാണ്. ജിഹാദിനെ കുറിച്ചുള്ള പൊതുബോധം, പ്രവാചകന്റെ അധ്യാപനങ്ങള്‍, ജനാധിപത്യ ഭരണഘടനയില്‍ അതിന്റെ പ്രസക്തി, മുജാഹിദ് പ്രസ്ഥാനം പുലര്‍ത്തിപ്പോന്ന നിലപാട്... തുടങ്ങി വ്യത്യസ്ത വിഷയങ്ങള്‍ ചര്‍ച്ച ചെയ്യുന്നു.**

കവര്‍ സ്റ്റോറി

സുഫ്‌യാന്‍ അബ്ദുസ്സലാം
sufyanasalam@gmail.com

**ലോ**കത്ത് വളരെയേറെ ചര്‍ച്ചകള്‍ക്കും സംവാദങ്ങള്‍ക്കും തെറ്റുധാരണകള്‍ക്കും വിധേയമായ ഒരു പദമാണ് 'ജിഹാദ്.' ജിഹാദ് എന്നു കേള്‍ക്കുമ്പോള്‍ ഭയംനിറഞ്ഞ ചിന്തകള്‍ പലരുടെയും മനസ്സുകളില്‍ ചേക്കേറുന്നു. ചിലര്‍ നെറ്റിചുളിക്കുന്നു. ബോംബ് സ്ഫോടനങ്ങള്‍ക്കും ഭീകര പ്രവര്‍ത്തനങ്ങള്‍ക്കുമുള്ള ഒരു ഇരട്ടപ്പേരായി പലരും അതിനെ കാണുന്നു. മറ്റുള്ളവരെ തെറിവിളിക്കാനുള്ള ഒരു പദമായും പലരും

ജിഹാദിനെയും ജിഹാദിയെയും ഉപയോഗിക്കുന്നു. സമകാലിക കേരള രാഷ്ട്രീയത്തിലും 'ജിഹാദ്' എന്ന പദം മറ്റുള്ളവരുടെ വായടപ്പിക്കാനും അവരെ ഭീകരരായി ചിത്രീകരിക്കാനും ഉപയോഗിക്കുന്നു എന്നതാണ് കൗതുകകരമായ കാര്യം. കോൺഗ്രസിൽ 'ജിഹാദി കോൺഗ്രസ്' എന്ന ഒരു ഗ്രൂപ്പ് ഉദയം ചെയ്തിട്ടുണ്ട് എന്നാണ് ബിജെപി കേരള പ്രസിഡണ്ടിന്റെ പ്രസ്താവന! സിപിഎം 'ജിഹാദിസം' വളർത്തുന്നു എന്നാണ് സംവിധായകൻ അലി അക്ബറിന്റെ ആക്ഷേപം. മുസ്‌ലിംലീഗ് ജിഹാദികളുടെ കൈകളിലാണ് എന്നാണ് പിസി ജോർജിന്റെ കണ്ടെത്തൽ. ഇങ്ങനെയൊക്കെയാണ് പൊതുയിടങ്ങളിലെ ചില 'ജിഹാദീ വർത്തമാനങ്ങൾ.' പ്രതിയോഗികൾക്കെതിരെ ഭീകരത ആരോപിക്കുന്നതിന് വേണ്ടിയുള്ള സംജ്ഞയായി 'ജിഹാദ്' മാറിയിരിക്കുന്നു.

### ജിഹാദും പൊതുബോധവും

ജിഹാദ് എന്ന പദം അമുസ്‌ലിം സാന്നിധ്യങ്ങളെ ഇല്ലായ്മ ചെയ്യുന്നതിന് വേണ്ടിയുള്ള സായുധ ഭീകരതയാണെന്ന പൊതുബോധം സമൂഹത്തിൽ വ്യാപകമായിട്ടുണ്ട്. മുസ്‌ലിം, അമുസ്‌ലിം വ്യത്യാസങ്ങളില്ലാതെ സമൂഹം പൊതുവിൽ ഈ പൊതുബോധത്തിന്റെ അടിമകളായി മാറിയിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. 'ജിഹാദ്' എന്ന പദം ഉറക്കെ ഉരുവിടുവാനുള്ള ധൈര്യം പോലും നഷ്ടപ്പെടുമാറ് പ്രസ്തുത പൊതുബോധം വളർന്നുപന്തലിച്ചിട്ടുണ്ട്. ജിഹാദ്, മുജാഹിദ് പോലുള്ള പദങ്ങൾ ഒഴിവാക്കി പകരം മറ്റുപേരുകൾ സ്വീകരിക്കുകയാണ് വേണ്ടതെന്നുമുള്ള ചിന്തകൾ മുസ്‌ലിം സമൂഹത്തിൽ പോലും പ്രചരിക്കപ്പെടുന്നുണ്ട്!

'ജിഹാദ്' ഒരു അറബി പദമാണ്. അറബി ഭാഷയിൽ എപ്രകാരമാണ് ഇത് വിവരിക്കപ്പെട്ടിട്ടുള്ളത് എന്ന് പരിശോധിക്കാതെ ജനങ്ങൾക്കിടയിൽ പ്രചരിക്കപ്പെട്ടിട്ടുള്ള പ്രചാരണങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രം ജിഹാദിന് അർഥം നൽകാൻ ശ്രമിച്ചതാണ് ഈ പദം വളരെയധികം തെറ്റിദ്ധരിക്കപ്പെടാൻ കാരണം. ലോകപ്രശസ്ത നിഘണ്ടുകൾക്ക് പോലും ഈ അബദ്ധം പിണഞ്ഞിട്ടുണ്ട്. ബോധപൂർവമായ തെറ്റുകളാണെന്ന് വിലയിരുത്തുന്നില്ലെങ്കിലും ഒരു സംഘടിത ദുർവ്യാഖ്യാനത്തിന്റെ ഉപകരണങ്ങളായി അവ മാറിയിട്ടുണ്ട് എന്ന കാര്യത്തിൽ സന്ദേഹമില്ല.

മലയാളത്തിലെ പ്രസിദ്ധമായ നിഘണ്ടുവാണ് ശ്രീകണ്ഠേശ്വരത്തിന്റെ 'ശബ്ദതാരാവലി.' 'ജിഹാത്' എന്നതിന് അത് നൽകുന്ന വിശദീകരണം ഇങ്ങനെയാണ്: 'മതപരമായി മുഹമ്മദീയർ നടത്തുന്ന പോര്, മതപ്രചാരണാർഥം ഇസ്‌ലാം നിയമം അനുശാസിച്ചിട്ടുള്ള വിശുദ്ധയുദ്ധം; കുരിശുയുദ്ധം'. (പേജ് 873). എൻബിഎസിന്റെ ഇംഗ്ലീഷ് മലയാളം നിഘണ്ടുവിൽ നൽകിയിട്ടുള്ളത് 'മുഹമ്മദീയരുടെ വിശുദ്ധ യുദ്ധം (മതത്തിനു വേണ്ടിയുള്ളത്)' എന്നാണ്. Oxford Advanced Learnersൽ ജിഹാദിന് നൽകിയിട്ടുള്ള വിശദീകരണം ഇങ്ങനെയാണ്: 'Holy war fought by Muslims against those who rejects Islam' (ഇസ്‌ലാം തിരസ്കരിക്കുന്നവർക്കെതിരെ മുസ്‌ലിംകൾ നടത്തുന്ന വിശുദ്ധയുദ്ധം). 'Chambers 20th Century' ജിഹാദിന് നൽകുന്ന അർഥം 'A holy war (for the Muslim faith) എന്നാണ്. 'മുജാഹിദീൻ' എന്ന വാക്കിന് മെറിയം വെബ്സ്റ്റർ നൽകുന്ന അർഥം 'Islamic guerrilla fighters especially in the Middle East' '(മധ്യ പൗരസ്ത്യ ദേശത്തെ ഇസ്‌ലാമിക് ഗറില്ലാ പോരാളികൾ' എന്നാണ്. ലോകത്ത് വളരെയധികം സ്വീകാര്യതയുള്ള നിഘണ്ടുകളിലൂടെ 'ജിഹാദ്' എന്ന പദത്തെ അറിയാൻ ശ്രമിക്കുന്ന വിദ്യാർഥികളും ഗവേഷകരും 'യുദ്ധം, പോരാട്ടം, ഭീകരത, മതഭ്രാന്ത്, രക്തക്കൊതി' തുടങ്ങിയ അർഥങ്ങളിൽ അതിനെ മനസ്സിലാക്കിയാൽ അത്ഭുതപ്പെടാനില്ല.

> **ജിഹാദ് എന്ന പദം അമുസ്‌ലിം സാന്നിധ്യങ്ങളെ ഇല്ലായ്മ ചെയ്യുന്നതിന് വേണ്ടിയുള്ള സായുധ ഭീകരതയാണെന്ന പൊതുബോധം സമൂഹത്തിൽ വ്യാപകമായിട്ടുണ്ട്. 'ജിഹാദ്' ഒരു അറബി പദമാണ്. അറബി ഭാഷയിൽ എപ്രകാരമാണ് ഇത് വിവരിക്കപ്പെട്ടിട്ടുള്ളത് എന്ന് പരിശോധിക്കാതെ ജനങ്ങൾക്കിടയിൽ പ്രചരിക്കപ്പെട്ടിട്ടുള്ള പ്രചാരണങ്ങളെ അടിസ്ഥാനപ്പെടുത്തി മാത്രം ജിഹാദിന് അർഥം നൽകാൻ ശ്രമിച്ചതാണ് ഈ പദം വളരെയധികം തെറ്റിദ്ധരിക്കപ്പെടാൻ കാരണം. ലോകപ്രശസ്ത നിഘണ്ടുകൾക്ക് പോലും ഈ അബദ്ധം പിണഞ്ഞിട്ടുണ്ട്. ബോധപൂർവമായ തെറ്റുകളാണെന്ന് വിലയിരുത്തുന്നില്ലെങ്കിലും ഒരു സംഘടിത ദുർവ്യാഖ്യാനത്തിന്റെ ഉപകരണങ്ങളായി അവ മാറിയിട്ടുണ്ട് എന്ന കാര്യത്തിൽ സന്ദേഹമില്ല.**

## ജിഹാദിന്റെ ആശയം

ജിഹാദ് എന്ന പദം 'ജാഹദ' എന്ന ക്രിയയുടെ ധാതുവാണ്. ജാഹദ എന്ന പദത്തിന് അറബി ഭാഷ നിഘണ്ടുകളിലും ഭാഷാശാസ്ത്ര ഗ്രന്ഥങ്ങളിലും നൽകിയിട്ടുള്ള വിവക്ഷ 'സഅ്വ ഹാവല ബി ജിദ്ദിൻ, ബദല വുസ്അ്ഹു' (പ്രയത്നിക്കുകയും കഠിനമായി പരിശ്രമിക്കുകയും ചെയ്യുക, പരമാവധി അധ്വാനിക്കുക) എന്നിങ്ങനെയാണ്. കഠിനമായ പരിശ്രമം, മുഴുവൻ കഴിവും ശക്തിയും ഉപയോഗിച്ചുകൊണ്ടുള്ള ശ്രമം എന്നാണ് ജിഹാദിന്റെ യഥാർഥ ആശയം. ജിഹാദിന് ക്വുർആനോ ഹദീഥോ എന്തെങ്കിലും നിർവചനം നൽകിയതായി കാണാൻ സാധിക്കില്ലെങ്കിലും അല്ലാഹുവും റസൂലും അത് ഉപയോഗിച്ച സന്ദർഭങ്ങൾ പരിശോധിച്ചാൽ അതിന്റെ ഇസ്‌ലാമിക വിവക്ഷയെക്കുറിച്ച് മനസ്സിലാക്കാൻ പ്രയാസമില്ല. പ്രസ്തുത വിവക്ഷയെ ചുരുക്കി ഇങ്ങനെ മനസിലാക്കാം: 'പ്രയാസങ്ങളും ബുദ്ധിമുട്ടുകളും സഹിച്ചുകൊണ്ട് അല്ലാഹുവിന്റെ മാർഗത്തിൽ ഏതുവിധത്തിലുമുള്ള ത്യാഗപരിശ്രമങ്ങൾക്കും പൊതുവായി പറയപ്പെടുന്ന പേരാണ് ജിഹാദ്.'

## ജിഹാദും ക്വുർആനും

പ്രവാചകജീവിതത്തിലെ സുപ്രധാനമായ രണ്ടു ഘട്ടങ്ങളാണ് മക്ക കാലഘട്ടവും മദീന കാലഘട്ടവും. പ്രവാചകത്വം ലഭിച്ച് പതിമൂന്ന് വർഷത്തോളം മക്കയിലും പത്ത് വർഷത്തോളം മദീനയിലുമാണല്ലോ അദ്ദേഹം ജീവിച്ചത്. മക്കയിൽ പരസ്യപ്രബോധനമോ ഇതരസ്വാതന്ത്ര്യമോ ഒന്നുമില്ലാതെ ത്യാഗങ്ങൾ സഹിച്ചാണ് അദ്ദേഹം ജീവിച്ചത്. ജിഹാദുമായി ബന്ധപ്പെട്ടുകൊണ്ട് മക്കയിൽ അവതരിപ്പിക്കപ്പെട്ട വചനമാണ് സൂറത്തുൽ ഫുർക്വാനിലെ 53ാം വചനം. 'ആകയാൽ, നീ അവിശ്വാസികളെ അനുസരിക്കരുത്, ഇതു (ക്വുർആൻ)കൊണ്ട് അവരോട് വലുതായ ജിഹാദ് നടത്തുകയും ചെയ്തുകൊള്ളുക.' ക്വുർആനിനെ അംഗീകരിക്കാത്തവരുടെ സമ്മർദങ്ങൾക്കും ഭീഷണികൾക്കും വഴങ്ങാതെ വിശുദ്ധ ക്വുർആന്റെ സാരാംശങ്ങളുമായി ജനങ്ങളിലേക്കിറങ്ങുകയും അപ്പോൾ അനുഭവിക്കേണ്ടിവരുന്ന പ്രതിബന്ധങ്ങളെ ക്ഷമയോടെ നേരിടുകയും ചെയ്യുക എന്നാണ് ഈ വചനം പ്രവാചകനെ ഉദ്ബോധിപ്പിക്കുന്നത്. ആശയപരമായ എതിർപ്പുകളെയും കുതർക്കങ്ങളെയും ക്വുർആനിക വചനങ്ങൾകൊണ്ട് നേരിട്ട് വൈജ്ഞാനിക ജിഹാദ് നടത്തുവാനാണ് ഈ വചനം ആഹ്വാനം ചെയ്യുന്നത്.

സൂറത്തുൽ ഹജ്ജിലെ 78ാം വചനത്തിൽ പരാമർശിക്കുന്ന ജിഹാദിന്റെ ആശയവും ഇതുതന്നെയാണ്. 'അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദ് ചെയ്യേണ്ട മുറപ്രകാരം നിങ്ങൾ ജിഹാദ് ചെയ്യുക. അവൻ നിങ്ങളെ ഉൽകൃഷ്ടരായി തെരഞ്ഞെടുത്തിരിക്കുന്നു. മതകാര്യത്തിൽ യാതൊരു പ്രയാസവും നിങ്ങളുടെ മേൽ അവൻ ചുമത്തിയിട്ടില്ല. നിങ്ങളുടെ പിതാവായ ഇബ്റാഹീമിന്റെ മാർഗമത്രെ അത്.' ഇബ്റാഹീം നബിക്കും മറ്റു പ്രവാചകന്മാർക്കും അനുഭവിക്കേണ്ടിവന്നതുപോലെ പ്രയാസങ്ങളും എതിർപ്പുകളും നേരിട്ടുകൊണ്ട് ആദർശത്തിൽ ഊന്നിയ ജീവിതം നയിക്കാനും ആദർശം പഠിപ്പിക്കാനുമാണ് ഈ വചനം വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നത്. പ്രസ്തുത ആദർശം സ്വീകരിച്ച് ജീവിതത്തിൽ ഏറ്റവും ഉദാത്തമായ മാതൃകാജീവിതം നയിച്ച് വരാനിരിക്കുന്ന തലമുറകൾക്ക് മുഴുവൻ നന്മയും കാരുണ്യവും പകർന്നുകൊടുത്ത് മാതൃകായോഗ്യരായി ജീവിക്കുവാനാണ് ഈ വചനത്തിൽ 'റസൂൽ നിങ്ങൾക്കും നിങ്ങൾ ജനങ്ങൾക്കും സാക്ഷി (ശഹീദു)കളാവണം' എന്ന് പ്രയോഗിച്ചിട്ടുള്ളത്. അപ്പോൾ ജിഹാദിന്റെ യഥാർഥ ലക്ഷ്യം ആദർശം മുറുകെപ്പിടിച്ച് ത്യാഗനിർഭരമായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് നന്മകൾ ചൊരിഞ്ഞുകൊടുക്കുക എന്നതാണ് എന്ന് ഈ വചനം പഠിപ്പിക്കുന്നു.

സ്രഷ്ടാവിൽ പങ്കുചേർക്കാൻ മാതാപിതാക്കൾ മക്കൾക്ക് നേരെ കഠിനപ്രയത്നം നടത്തിയാലും അവരെ അനുസരിക്കരുത് എന്ന് പഠിപ്പിക്കുന്ന വചനത്തിൽ മാതാപിതാക്കൾ നടത്തുന്ന കഠിനപ്രയത്നത്തെ സൂചിപ്പിക്കാൻ 'ജാഹദ' എന്ന പദം തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. 'നിനക്ക് യാതൊരറിവുമില്ലാത്ത ഒന്നിനെ എന്നോട് പങ്കുചേർക്കാൻ അവർ (മാതാപിതാക്കൾ) നിന്നോട് ജിഹാദ് ചെയ്താൽ അവരെ നീ അനുസരിച്ചുപോകരുത്' (ക്വുർആൻ 29:8). ഈ വചനത്തിൽ ജിഹാദിന് സായുധപോരാട്ടമെന്നോ യുദ്ധമെന്നോ അർഥമില്ലെന്ന് ഏതൊരാൾക്കും പെട്ടെന്ന് മനസ്സിലാകും. ഇസ്‌ലാമിലെ ജിഹാദിന് ഉപര്യുക്ത വചനത്തിലെ ജിഹാദുമായി ബന്ധമില്ലെങ്കിലും ജിഹാദ് എന്ന പദത്തിന് സായുധപോരാട്ടം എന്ന ഒരർഥമില്ലെന്ന് ഇതിൽനിന്നും മനസ്സിലാക്കാം. അതോടൊപ്പം മുസ്‌ലിംകൾ മാത്രമല്ല, ഏതൊരാൾ ചെയ്യുന്ന കഠിന പ്രയത്നത്തെയും ഭാഷയിൽ ജിഹാദ് എന്നുവിളി

ക്കാമെന്നും ഈ വചനം സൂചന നൽകുന്നു. ജിഹാദ് എന്ന പദത്തിന് വർഗീയതയുടെ മേലങ്കി നൽകേണ്ടതില്ലെന്ന് സാരം.

### ജിഹാദ് പ്രവാചക മൊഴികളിൽ

ഇമാം മുസ്‌ലിം ഉദ്ധരിക്കുന്ന ഒരു നബിവചനത്തിൽ ഇങ്ങനെ കാണാം: 'പ്രവാചകൻﷺ പറഞ്ഞു: എനിക്കുമുമ്പുള്ള ഏതൊരു സമൂഹത്തിൽ അല്ലാഹു ഒരു നബിയെ നിയോഗിച്ചപ്പോഴും അദ്ദേഹത്തിന് ഉത്തമ ശിഷ്യന്മാരും അനുചരന്മാരും ഉണ്ടാകാതിരുന്നിട്ടില്ല. അവർ അദ്ദേഹത്തിന്റെ ചര്യ മുറുകെ പിടിക്കുകയും കൽപന പിൻപറ്റുകയും ചെയ്യും. പിന്നീട് അവർക്ക് പകരം ചില പിൻതലമുറകൾ വരും. അവർ പ്രവർത്തിക്കാത്തത് പറയുകയും കൽപിക്കപ്പെടാത്തത് പ്രവർത്തിക്കുകയും ചെയ്യും. അവരോട് വല്ലവനും തന്റെ കൈകൊണ്ട് ജിഹാദ് ചെയ്താൽ അവൻ വിശ്വാസിയാകുന്നു. അവരോട് വല്ലവനും തന്റെ നാവുകൊണ്ട് ജിഹാദ് ചെയ്താൽ അവനും വിശ്വാസിയാകുന്നു. അവരോട് വല്ലവനും തന്റെ ഹൃദയം കൊണ്ട് ജിഹാദ് ചെയ്താൽ അവനും വിശ്വാസിയാകുന്നു. അതിനുമപ്പുറം ഒരു കടുകുമണിയോളം പോലും വിശ്വാസമില്ല' (മുസ്‌ലിം 50).

ഈ ഹദീഥിൽ കൈകൊണ്ടും നാവുകൊണ്ടും ഹൃദയംകൊണ്ടും ജിഹാദ് ചെയ്യാൻ പറഞ്ഞത് ആയുധമുപയോഗിച്ചുള്ള പോരാട്ടമല്ല എന്ന കാര്യം വിശദീകരിക്കേണ്ടതില്ലാത്തവിധം വ്യക്തമാണ്.

'സ്വന്തം ശരീരത്തോട് ജിഹാദ് ചെയ്തവനാണ് യഥാർഥ മുജാഹിദ്' (തുർമുദി 1621) എന്ന് മുഹമ്മദ് നബിﷺ പറയുകയുണ്ടായി. സ്വന്തം ശരീരത്തെ വെട്ടിപ്പരിക്കേൽപിക്കാനല്ലല്ലോ അവിടുന്ന് ഇതുപറഞ്ഞത്. സ്വന്തം ശരീരത്തെ തിന്മകളിൽനിന്നും സംരക്ഷിച്ച് ദൈവിക നിർദേശങ്ങൾക്ക് അനുസരിച്ച് ചിട്ടപ്പെടുത്തുന്നതിനുള്ള കഠിന പ്രയത്നമാണ് ഇവിടെ ജിഹാദുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. ഹജ്ജിനെക്കുറിച്ചും അക്രമിയായ ഭരണാധികാരിയുടെ മുമ്പിൽ സത്യം വെട്ടിത്തുറന്നു പറയുന്നതിനെക്കുറിച്ചും ഹദീഥിൽ വന്നിട്ടുള്ള പ്രയോഗങ്ങൾ 'അഫ്ളലുൽ ജിഹാദ്' (ഏറ്റവും ശ്രേഷ്ഠമായ ജിഹാദ്) എന്നാണ്. (ബുഖാരി 1520, അബൂദാവൂദ് 4344). ഹജ്ജിൽ അനുഭവിക്കേണ്ടിവരുന്ന ക്ലേശകരമായ അവസ്ഥയും പ്രതിഫലേച്ഛയോടെ അതിനുവേണ്ടി ചെയ്യുന്ന കഠിനാധ്വാനവുമെല്ലാം ജിഹാദിന്റെ പരിധിയിൽ വരുന്നു. അതുപോലെ ഭരണാധികാരി നൽകുന്ന ശിക്ഷയിലൂടെ അനുഭവിക്കേണ്ടിവരുന്ന കഷ്ടതകളെക്കുറിച്ച് ചിന്തിക്കാതെ സത്യം പറയുന്നതും ജിഹാദ് ആണെന്നാണ് മുഹമ്മദ് നബിﷺ പഠിപ്പിച്ചിട്ടുള്ളത്. ഇവിടെയൊന്നും ആയുധമുപയോഗിച്ചുള്ള ഭീകരപ്രവർത്തനമോ യുദ്ധമോ ഒന്നുമല്ല ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

> **യുദ്ധത്തിന്റെ പര്യായമായി ജിഹാദ് വ്യാഖ്യാനിക്കപ്പെട്ടുവന്നത് കാരണത്താലാണ് ജിഹാദ് ഭീകരവും താണ്ഡവവുമായിട്ടെല്ലാം പ്രചരിക്കപ്പെട്ടത്. 'യുദ്ധം' മനുഷ്യനന്മക്ക് ഒരിക്കലും ഗുണപ്രദമല്ല. മാനവരാശിക്ക് അത് ഒട്ടേറെ കഷ്ടനഷ്ടങ്ങളാണ് വരുത്തിവെച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ നാം കണ്ടും കേട്ടും പരിചയിച്ചുവന്നിട്ടുള്ള യുദ്ധവുമായി ജിഹാദിന് യാതൊരു ബന്ധവുമില്ല. യുദ്ധം മനുഷ്യരിലെ ഏറ്റവും അധമമായ വികാരങ്ങളെയാണ് ഉപയോഗപ്പെടുത്തുന്നത്. വിദ്വേഷം, പക, അസൂയ, ദുരഭിമാനം മുതലായവയാണ് യുദ്ധത്തിന്റെ അടിസ്ഥാനഘടകങ്ങൾ. ജിഹാദ് ആവട്ടെ ഈ ഘടകങ്ങൾക്കെല്ലാം കടകവിരുദ്ധമാണ്. അവയുടെയെല്ലാം ക്രിയാത്മകമായ നിഷേധമാണ് ജിഹാദ്. അക്രമിക്കുവാനും കീഴടക്കുവാനുമാണ് മനുഷ്യൻ യുദ്ധം കണ്ടുപിടിച്ചത്.**

മറിച്ച് തിന്മകളോട് രാജിയാവാതെ സ്വന്തം ശരീരത്തെ പാപമുക്തമാക്കുന്നതിന് വേണ്ടിയുള്ള ത്യാഗനിർഭരമായ പ്രവർത്തനങ്ങൾ മാത്രമാണ്.

### ജിഹാദും പണ്ഡിത നിരൂപണവും

മുസ്‌ലിം ലോകത്ത് അറിയപ്പെടുന്ന കാര്യങ്ങൾ വ്യവച്ഛേദിച്ച് മനസ്സിലാക്കാൻ പ്രാപ്തരായ സമർഥരായ പണ്ഡിതന്മാർ ജിഹാദ് എന്ന പദത്തിന്റെ യഥാർഥ വിവക്ഷ വിവരിച്ചിട്ടുണ്ട്. ഇമാംറാഗിബ്(റഹി) ഇങ്ങനെ വിവരിക്കുന്നു: 'ജിഹാദ്' മൂന്ന് തരത്തിലുണ്ട്: പ്രത്യക്ഷ ശത്രുവിനോടുള്ളതും പിശാചിനോടുള്ളതും സ്വന്തം ദേഹത്തോടുള്ളതും' (അൽമുഫ്റദാത്ത് 132). ഇബ്നുതീമിയ(റഹി) പറയുന്നു: 'അല്ലാഹുവിന്റെ മാർഗത്തിലുള്ള ജിഹാദ്, ജഹ്ദ് എന്ന പദത്തിൽനിന്നും ഉണ്ടായതാണ്. പൂർണമായ കഴിവും ഊർജവും ഉപയോഗിച്ചുകൊണ്ടുള്ള കഠിനാധ്വാനമാണത്. അതിൽ രണ്ടു കാര്യങ്ങളുണ്ട്. ഒന്ന്, കഴിവും ഊർജവും പൂർണമായും

വിനിയോഗിക്കുക; രണ്ട്, അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുകയും അവന്റെ അനിഷ്ടത്തെ അകറ്റിനിർത്തുകയും ചെയ്യുക' (ജാമിഉർറസാഇൽ 2/281).

## പൈശാചികതയോടുള്ള ചെറുത്തുനിൽപ്

തിന്മകളുടെ പ്രഭവകേന്ദ്രം പിശാചാണ്. മനുഷ്യമനസ്സിൽ ദുർബോധനംനടത്തി മനുഷ്യർക്ക് തിന്മകളെ അലംകൃതമാക്കി കാണിക്കുന്നതും പിശാചാണ്. ദേഹേച്ഛകൾ മിക്കപ്പോഴും പിശാചിന്റെ ദുർബോധനങ്ങൾക്ക് വിധേയമാകുന്നതുകൊണ്ട് മനസ്സിനെയും ശരീരത്തെയും പിടിച്ചുനിർത്തുക വളരെ പ്രയാസമാണ്. 'ഗുസ്തിയിൽ ജയിക്കുന്നവനല്ല, കോപം വരുമ്പോൾ നിയന്ത്രിക്കാൻ സാധിക്കുന്നവനാണ് ശക്തൻ' എന്ന് നബിﷺ പറഞ്ഞത് മനസ്സിനെയും ശരീരത്തെയും നിയന്ത്രിക്കാൻ എത്രമാത്രം കഠിനാധ്വാനം വേണമെന്ന് വ്യക്തമാക്കുന്നു. അതുകൊണ്ടുതന്നെ ജിഹാദിന്റെ ഏറ്റവും പ്രധാനപ്പെട്ടവശം ശത്രുവെ ചെറുക്കുക എന്നതാണ്. മനുഷ്യന്റെ ഏറ്റവും വലിയ ശത്രു പിശാചാണ്. പിശാചിനെയും ദേഹേച്ഛയെയും ചെറുക്കുന്നതോടൊപ്പം ഇസ്‌ലാമിനോട് വ്യക്തമായ ശത്രുത വെച്ചുപുലർത്തുന്നവർ സൃഷ്ടിക്കുന്ന കുഴപ്പങ്ങൾ നേരിടേണ്ടവിധത്തിൽ നേരിടാനുള്ള കരുത്താർജിക്കുകയും ചെയ്യുക എന്നതാണ് ജിഹാദിന്റെ താൽപര്യമെന്നാണ് ഇമാം റാഗിബിന്റെ വിശദീകരണത്തിൽ കാണുന്നത്. അനിവാര്യമായ സന്ദർഭങ്ങളിൽ ഉണ്ടായേക്കാവുന്ന കായിക പോരാട്ടങ്ങൾ മാത്രമാണ് ജിഹാദ് എന്ന തെറ്റായ ധാരണകളെ പണ്ഡിതന്മാർ തിരുത്തുകയാണ്.

## ജിഹാദ് നന്മയാണ്; നാശമല്ല

അഗതികൾ, വിധവകൾ, അനാഥകൾ തുടങ്ങിയ സമൂഹത്തിലെ ദുർബലവിഭാഗങ്ങളെ ഏറ്റെടുത്ത് അവർക്കുവേണ്ടി ത്യാഗങ്ങൾ ചെയ്യുന്നതും ജിഹാദാണ്. സ്വന്തം ഇഷ്ടങ്ങളെ ബലികഴിച്ച് മറ്റുള്ളവർക്ക് വേണ്ടി സമ്പത്തും ശരീരവും സമർപ്പിക്കുന്നവർ ചെയ്യുന്നതും ജിഹാദാണ്. രാത്രികാലങ്ങളിൽ ഉറക്കമിളച്ച് ദീർഘമായി ഒരാൾ നമസ്കരിക്കുമ്പോൾ അതും ഒരു ജിഹാദാണ്. ഒട്ടേറെ നന്മകൾ സമൂഹത്തിൽ നിലനിൽക്കണമെങ്കിൽ ജിഹാദ് അനിവാര്യമാണ് എന്നാണ് ഇതെല്ലം സൂചിപ്പിക്കുന്നത്. ഒരു യഥാർഥ മുജാഹിദ് ഒരാളെയും ആക്രമിക്കില്ല. ഒരാളെയും കൊലചെയ്യില്ല. നിരപരാധികളെ കൊന്നൊടുക്കുന്ന ബോംബ് സ്‌ഫോടനങ്ങളും ഭീകരപ്രവർത്തനവും അയാളിൽനിന്നുണ്ടാവില്ല. അയാൾ ആത്മഹത്യാസ്‌കോഡുകളും ബെൽറ്റ്‌ബോംബുകളുമാവില്ല. അയാൾ യുദ്ധം ആഗ്രഹിക്കുന്നവനാവില്ല. ശത്രുവെ കണ്ടുമുട്ടാനല്ല, ശത്രുവാണെന്നു കരുതപ്പെടുന്നവനും നേർമാർഗം ലഭിക്കണമെന്നും അങ്ങനെ മനുഷ്യർ തമ്മിലുള്ള ശത്രുത ഇല്ലാതാവണമെന്ന് ആഗ്രഹിക്കുന്നവനായിരിക്കും അയാൾ. ജിഹാദിന്റെ യഥാർഥ സന്ദേശം മനസ്സിലാക്കിയ അയാൾ സമൂഹത്തിന് നന്മ ചെയ്യുന്നതിൽ വ്യാപൃതനായി സ്വന്തത്തെത്തന്നെ ദൈവികമാർഗത്തിൽ സമർപ്പിക്കുന്നവനായിരിക്കും.

ജിഹാദ് എന്ന പദത്തെ അപഗ്രഥിച്ചുകൊണ്ട് മുഹമ്മദ് അമാനി മൗലവി(റഹി) പറയുന്നു: "ജിഹാദ്, മുജാഹദഃ എന്നീ ധാതുക്കളിൽനിന്നുള്ള ക്രിയാരൂപമാണ് ജാഹദ.' കഴിവതും പരിശ്രമിച്ചു, അത്യധ്വാനം ചെയ്തു, കിണഞ്ഞു ശ്രമംനടത്തി' എന്നൊക്കെയാണതിന് അർഥം. യുദ്ധം അടക്കമുള്ള പല കാര്യങ്ങളും ജിഹാദിൽ ഉൾപ്പെടുമെന്നല്ലാതെ, യുദ്ധത്തിന്റെ ഒരു പര്യായപദമല്ല അത്" (വ്യാഖ്യാനം 2:218).

## ജിഹാദ് യുദ്ധത്തിന്റെ പര്യായമല്ല

യുദ്ധത്തിന്റെ പര്യായമായി ജിഹാദ് വ്യാഖ്യാനിക്കപ്പെട്ടുവന്നത് കാരണത്താലാണ് ജിഹാദ് ഭീകരവും താണ്ഡവവുമായിട്ടെല്ലാം പ്രചരിക്കപ്പെട്ടത്. 'യുദ്ധം' മനുഷ്യനന്മക്ക് ഒരിക്കലും ഗുണപ്രദമല്ല. മാനവരാശിക്ക് അത് ഒട്ടേറെ കഷ്ടനഷ്ടങ്ങളാണ് വരുത്തിവെച്ചിട്ടുള്ളത്. അതുകൊണ്ടുതന്നെ നാം കണ്ടും



കേട്ടും പരിചയിച്ചുവന്നിട്ടുള്ള യുദ്ധവുമായി ജിഹാദിന് യാതൊരു ബന്ധവുമില്ല. യുദ്ധം മനുഷ്യരിലെ ഏറ്റവും അധമമായ വികാരങ്ങളെയാണ് ഉപയോഗപ്പെടുത്തുന്നത്. വിദ്വേഷം, പക, അസൂയ, ദുരഭിമാനം മുതലായവയാണ് യുദ്ധത്തിന്റെ അടിസ്ഥാനഘടകങ്ങൾ. ജിഹാദ് ആവട്ടെ ഈ ഘടകങ്ങൾക്കെല്ലാം കടകവിരുദ്ധമാണ്. അവയുടെയെല്ലാം ക്രിയാത്മകമായ നിഷേധമാണ് ജിഹാദ്. അക്രമിക്കുവാനും കീഴടക്കുവാനുമാണ് മനുഷ്യൻ യുദ്ധം കണ്ടുപിടിച്ചത്. പൈശാചികമായ ദുർബോധനത്താൽ രൂപംകൊള്ളുന്ന യുദ്ധത്തിനെതിരെയുള്ള പ്രതിപ്രവർത്തനമാണ് യഥാർഥത്തിൽ ജിഹാദ്. പിശാചിന്റെ ദുർബോധനങ്ങളിൽ നിന്നുണ്ടാകുന്ന പ്രവർത്തനങ്ങളിൽനിന്ന് സമൂഹത്തെയും സ്വന്തം ശരീരത്തെയും രക്ഷപ്പെടുത്തുന്നതിനു വേണ്ടിയുള്ള ത്യാഗവും പരിശ്രമവുമാണ് ജിഹാദ് എന്ന് ചുരുക്കം. അതുകൊണ്ടുതന്നെ യുദ്ധമെന്ന അർഥത്തിൽ ജിഹാദിനെ ആരെങ്കിലും ഉപയോഗിക്കുന്നുണ്ടെങ്കിൽ യുദ്ധത്തിന്റെ ചരിത്രപരവും മനുഷ്യനിർമിതവുമായ ആശയത്തെ ജിഹാദ് ഉൾക്കൊള്ളുന്നില്ല എന്ന യാഥാർഥ്യം തിരിച്ചറിഞ്ഞിരിക്കണം. യുദ്ധം അല്ലെങ്കിൽ സായുധ പോരാട്ടം എന്ന അർഥത്തിൽ ക്വുർആൻ ഉപയോഗിച്ച പദം 'ക്വിതാൽ' എന്നാണ്.

### ജിഹാദും പ്രവാചകന്റെ മക്കാ കാലഘട്ടവും

ജിഹാദിന്റെ അടിസ്ഥാന താൽപര്യം ഇസ്‌ലാമേതര സമൂഹങ്ങളെ നശിപ്പിക്കലായിരുന്നെങ്കിൽ മക്കാ കാലഘട്ടത്തിൽതന്നെ പ്രവാചകനും അനുയായികളും അതിനുവേണ്ടി യത്നിക്കേണ്ടതായിരുന്നു. ഒളിപ്പോരുകളും ഇരുട്ടിന്റെ മറവിലുള്ള അതിക്രമങ്ങളും ചെയ്യേണ്ടതായിരുന്നു. എന്നാൽ ഒരു ആക്രമണം പോയിട്ട് പ്രതിരോധത്തിന് വേണ്ടിയുള്ള ഒരു തയ്യാറെടുപ്പ് പോലും അക്കാലത്ത് അദ്ദേഹം നടത്തിയിരുന്നില്ല. എന്നാൽ അദ്ദേഹവും അനുയായികളും മക്കാകാലത്തും ജിഹാദ് ചെയ്തിരുന്നുവെന്നത് മറന്നുപോവരുത്. സത്യവിശ്വാസിയായി ജീവിക്കുക അത്യന്തം പ്രയാസകരവും വെല്ലുവിളി നിറഞ്ഞതുമായിരുന്നു. സത്യപ്രബോധനം പരസ്യമായി നിർവഹിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുവാൻപോലും സാധിക്കുമായിരുന്നില്ല. അത്രമാത്രം കാഠിന്യംനിറഞ്ഞ നാളുകളായിരുന്നു അത്. ജീവിതം നിലനിർത്തുവാനും ഏകദൈവത്തിന് മാത്രം ആരാധന നിർവഹിക്കാനും അവർക്ക് അത്യധികം കഷ്ടപ്പെടേണ്ടിവന്നു. അവർക്ക് ജിഹാദ് ചെയ്യേണ്ടി വന്നു എന്നുസാരം.

പ്രവാചകന്റെ മക്കാജീവിതം ഒരുപാട് സന്ദേശങ്ങൾ നൽകുന്നുണ്ട്. ഒരു രാഷ്ട്രവ്യവസ്ഥയില്ലാത്ത പ്രദേശത്ത് ജീവിക്കുന്ന ദുർബല മുസ്‌ലിംകൾ എന്തു നിലപാടാണ് സ്വീകരിക്കേണ്ടത് എന്ന് ആ കാലം പഠിപ്പിക്കുന്നു. മക്കയിലെ മുസ്‌ലിംകളെ വംശീയ ഉന്മൂലനം നടത്തുന്നവിധം ഒരു സംഘടിത യുദ്ധം ക്വുറൈശികൾ പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നില്ലെങ്കിലും പ്രത്യക്ഷമായും പരോക്ഷമായും അവർക്കെതിരെയുള്ള ദ്രോഹനടപടികൾ ശക്തമായിരുന്നു. ക്ഷമിക്കാനും സഹിക്കാനും സംയമനം പാലിക്കാനുമായിരുന്നു മുസ്‌ലിംകൾക്ക് അല്ലാഹു നൽകിയ നിർദേശം. സ്വന്തം രാജ്യത്തുതന്നെ ക്ഷമയോടെ ജീവിക്കുകയാണ് വേണ്ടതെന്നും എന്നാൽ അതിക്രമം ശക്തമാവുകയാണെങ്കിൽ ജീവിക്കാൻ സാധിക്കുന്ന മറ്റൊരു പ്രദേശത്തേക്ക് പലായനം ചെയ്യാമെന്നും മക്കാജീവിതം ബോധ്യപ്പെടുത്തി. അതോടൊപ്പം മതനിരപേക്ഷ നിലപാട് സ്വീകരിച്ചിരുന്നവരിൽ ആരെങ്കിലും സംരക്ഷണം നൽകുകയാണെങ്കിൽ അത് സ്വീകരിക്കുകയും ചെയ്യാമെന്ന് അബൂത്വാലിബ്, ഇബ്നു ദുഗന്ന തുടങ്ങിയവരുടെ ചരിത്രങ്ങൾ ബോധ്യപ്പെടുത്തുന്നു. നബിﷺയെ വധിച്ചുകളയാനുള്ള തീരുമാനം അവരെടുക്കുന്നത് മക്കാ കാലഘട്ടത്തിന്റെ അവസാനത്തോടെയാണ്. അതിനുശേഷമാണ് മുസ്‌ലിംകൾ ഒരു സമൂഹം എന്ന നിലക്ക് 'ദേശത്യാഗം' (ഹിജ്റ) നടത്തുന്നത്. മക്കയിൽ നബിﷺയും സ്വഹാബിമാരും സ്വീകരിച്ച ക്ഷമയുടെയും സഹനത്തിന്റെയും സമാധാനത്തിന്റെയും നിലപാടാണ് പിൽകാലത്ത് ഇസ്‌ലാമിന്റെ യശസ്സ് ഉയരുവാനുള്ള കാരണം.

### ജിഹാദും മദീനയും

മദീനയിൽ എത്തിയ പ്രവാചകന്നും അനുയായികൾക്കും ജീവിതസ്വാതന്ത്ര്യമുണ്ടായിരുന്നു. ആരാധനകൾക്കും പ്രബോധനത്തിനും തടസ്സമുണ്ടായിരുന്നില്ല. ഒരു സമൂഹമായി ജീവിക്കുവാൻ അവർക്ക് സാധിച്ചു. മദീനയിലുള്ള ജൂതരടക്കമുള്ള എല്ലാ വിഭാഗങ്ങളുമായും സന്ധിചെയ്തു ജീവിക്കുവാനാണ് പ്രവാചകൻﷺ തീരുമാനിച്ചത്. മതം അടിച്ചേൽപിച്ചില്ല. പക്ഷേ, സ്വൈര്യമായി ജീവിക്കുന്ന മദീനയെ അലോസരപ്പെടുത്താൻ മക്കക്കാർ തീരുമാനിച്ചതോടെ സുരക്ഷ ഉറപ്പാക്കുക ഒരു ബാധ്യതയായി. അതുകൊണ്ടുതന്നെ മുസ്‌ലിം ഉന്മൂലനം ലക്ഷ്യമാക്കിയിട്ടുള്ളവരുടെ ഗൂഢപദ്ധതികളെ നിരീക്ഷിക്കുവാനുള്ള ഏർപ്പാടുകൾ പ്രവാച

കൻ ചെയ്തു. ഭീഷണികൾ നേരിടുന്ന സന്ദർഭങ്ങളിലെല്ലാം പ്രത്യേക ചുമതലകളുള്ള വ്യക്തികളുടെ സംഘം രൂപീകരിച്ചു. 'സരിയ്യ' എന്നാണ് അത് അറിയപ്പെട്ടിരുന്നത്. ഇതെല്ലാം യുദ്ധസംഘങ്ങളായിരുന്നു എന്ന വ്യാഖ്യാനം ഒട്ടും ശരിയല്ല. മദീനയെ തകർക്കാൻവേണ്ടി വരുന്ന ശത്രുക്കളെ നിരീക്ഷിക്കുക എന്നതായിരുന്നു സരിയ്യകളുടെ പ്രഥമദൗത്യം. യുദ്ധങ്ങളെ ഒഴിവാക്കാനായിരുന്നു പ്രവാചകൻ കാര്യമായും ശ്രദ്ധിച്ചത്. പക്ഷേ, മദീനക്ക് നേരെ യുദ്ധം നടത്തിയേ അടങ്ങൂ എന്ന് കരുതിയവരെ നേരിടാനുള്ള അനുമതി അല്ലാഹു നൽകുകയായിരുന്നു. "യുദ്ധത്തിന്ന് ഇരയാകുന്നവർക്ക്, അവർ മർദിതരായതിനാൽ (തിരിച്ചടിക്കാൻ) അനുവാദം നൽകപ്പെട്ടിരിക്കുന്നു. തീർച്ചയായും അല്ലാഹു അവരെ സഹായിക്കാൻ കഴിവുള്ളവൻതന്നെയാകുന്നു. യാതൊരു ന്യായവും കൂടാതെ, ഞങ്ങളുടെ രക്ഷിതാവ് അല്ലാഹുവാണ് എന്ന് പറയുന്നതിന്റെ പേരിൽ മാത്രം തങ്ങളുടെ ഭവനങ്ങളിൽനിന്ന് പുറത്താക്കപ്പെട്ടവരത്രെ അവർ." (ക്വുർആൻ 22:39-40).

ഒരു ഇസ്‌ലാമിക നേതൃത്വമുള്ള സമൂഹത്തിന് തങ്ങൾക്കുനേരെ വരുന്ന അതിക്രമങ്ങളെ നേരിടാനും യുദ്ധങ്ങളെ ചെറുക്കാനുമുള്ള സ്വാതന്ത്ര്യവും അവകാശവുമുണ്ട് എന്നതാണ് മദീന പഠിപ്പിക്കുന്നത്.

### സ്വഹാബികൾ നൽകുന്ന പാഠം

ലോകത്ത് ഇസ്‌ലാമിന്റെ പേരിൽ നടന്നുകൊണ്ടിരിക്കുന്ന സംഘട്ടനങ്ങളെയും ഭീകര പ്രവർത്തനങ്ങളെയും ന്യായീകരിക്കേണ്ട ബാധ്യത ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ ഇല്ല. സ്വഹാബികളുടെ കാലത്ത് നടന്ന ചില ആഭ്യന്തര കലഹങ്ങളുടെ കാര്യത്തിൽ പോലും പ്രസിദ്ധരായ സ്വഹാബിമാർ ഈ നിലപാട് സ്വീകരിച്ചിട്ടുണ്ട്. 'ഫിത്‌ന ഉണ്ടാകാതിരിക്കുന്നതുവരെ യുദ്ധം ചെയ്യുവിൻ' എന്ന വചനം ഉദ്ധരിച്ചുകൊണ്ട് ഇബ്‌നു ഉമർ﵁വിനോട് ചോദ്യം ചോദിച്ച വ്യക്തിയോട് ഇബ്‌നു ഉമർ﵁ പറഞ്ഞ മറുപടി വളരെ പ്രസക്തമാണ്. അദ്ദേഹം പറഞ്ഞു: 'അതെ, റസൂലിന്റെ കാലത്ത് ഞങ്ങൾ യുദ്ധം ചെയ്തിട്ടുണ്ട്. അന്ന് മുസ്‌ലിംകൾ അൽപമായിരുന്നു. അതിനാൽ, മനുഷ്യൻ തന്റെ മതകാര്യത്തിൽ ഫിത്‌നക്ക് (പരീക്ഷണത്തിന്) വിധേയനാകുമായിരുന്നു. ഒന്നുകിൽ അവൻ കൊല്ലപ്പെടും, അല്ലെങ്കിൽ മർദിക്കപ്പെടും. അങ്ങനെ മുസ്‌ലിംകൾ വർധിച്ചു, അപ്പോൾ ഫിത്‌ന ഇല്ലാതായി. ഫിത്‌ന ഇല്ലാതാകുകയും മതം അല്ലാഹുവിനായിരിക്കുകയും ചെയ്യുന്നതുവരെ ഞങ്ങൾ യുദ്ധം ചെയ്തിരിക്കുന്നു. നിങ്ങൾ ഫിത്‌ന ഉണ്ടാകുകയും മതം അല്ലാഹുവിന് അല്ലാതിരിക്കുകയും ചെയ്യുന്നതുവരെ യുദ്ധം ചെയ്യാൻ ഉദ്ദേശിക്കുകയാണ്' (ബുഖാരി 4513). മറ്റൊരു റിപ്പോർട്ടിലുള്ളത് ഇങ്ങനെയാണ്: 'നിങ്ങൾ അധികാരത്തിനായി യുദ്ധം ചെയ്യുന്നതുപോലെ ആയിരുന്നില്ല റസൂൽﷺ യുദ്ധം ചെയ്തത്. അന്നൊരാൾക്ക് ഇസ്‌ലാം സ്വീകരിക്കുന്നത് പോലും വലിയ പരീക്ഷണമായിരുന്നു. അതിനുവേണ്ടിയാണ് റസൂൽﷺ പൊരുതിയത്' (ബുഖാരി 7095).

### ജിഹാദും മുജാഹിദ് പ്രസ്ഥാനവും

അന്ധകാരത്തിൽ കഴിഞ്ഞിരുന്ന കേരള മുസ്‌ലിം സമൂഹത്തെ ഇസ്‌ലാമിന്റെ ശരിയായ പാതയിലേക്ക് കൊണ്ടുവരുന്നതിന് നവോത്ഥാന നായകരും പണ്ഡിതന്മാരും നടത്തിയ ശ്രമങ്ങൾ വളരെ വലുതായിരുന്നു. എപ്രകാരമാണ് ഒരു മുസ്‌ലിം സമൂഹത്തെ വാർത്തെടുക്കേണ്ടത് എന്ന കാര്യത്തിൽ ഐക്യസംഘം മുതൽ പ്രവർത്തിച്ചു തുടങ്ങിയ ത്യാഗപരിശ്രമങ്ങൾ സുവിദിതമാണ്. വിശ്വാസകാര്യങ്ങൾ മുതൽ സ്വഭാവപരവും സാംസ്കാരികവും സാമൂഹികവും സാമ്പത്തികവുമായ വിഷയങ്ങളിൽവരെ പടിപടിയായി ഉയർത്തിക്കൊണ്ടുവരുന്നതിന് വേണ്ടി പഴയകാല പണ്ഡിതന്മാരും നേതാക്കളും പ്രവർത്തകരും ചെയ്തത് അക്ഷരാർഥത്തിൽ ജിഹാദ്തന്നെയായിരുന്നു. അല്ലാഹു അല്ലാത്തവരെ രക്ഷകരായി സ്വീകരിക്കുകയും മതത്തിലില്ലാത്ത ആചാരങ്ങൾ മതത്തിന്റെ പേരിൽ ചെയ്യുകയും ചെയ്തിരുന്ന സമൂഹം വിദ്യാഭ്യാസപരമായും സാംസ്കാരികമായും വളരെ പിന്നിലായിരുന്നു.

ഇസ്‌ലാം പഠിപ്പിച്ച ജിഹാദിന്റെ ശരിയായ മാതൃക ഉൾക്കൊണ്ട് പ്രവർത്തിച്ച അവർ പിന്നീട് മുജാഹിദുകൾ എന്ന പേരിൽ അറിയപ്പെട്ടു. 'വല്ലദീന ജാഹദൂ ഫിനാ ല നഹ്ദിയന്നഹും സുബുലനാ' (നമ്മുടെ മാർഗത്തിൽ ജിഹാദ് (ത്യാഗപരിശ്രമങ്ങൾ) ചെയ്യുന്നവരാരോ, അവരെ നമ്മുടെ വഴികളിലേക്ക് നാം നയിക്കുക തന്നെ ചെയ്യുന്നതാണ് 29:69) എന്ന വചനമായിരുന്നു അവർക്ക് ഈ പ്രവർത്തനങ്ങൾക്ക് പ്രചോദനമായത്. കേരളത്തിൽ മുജാഹിദുകൾ നടത്തിയത് ഒരു സായുധ വിപ്ലവമായിരുന്നില്ല. ബൗദ്ധികവും ചിന്താപരവുമായ കുതിപ്പായിരുന്നു അത്. ജിഹാദ്, മുജാഹിദ് തുടങ്ങിയ പ്രയോഗങ്ങളെക്കുറിച്ച് മോശമായ പ്രചാരണങ്ങൾ കേട്ടുകൊണ്ടിരിക്കുമ്പോഴും കേരളത്തിലെ മുജാഹിദ് പ്രസ്ഥാനത്തെക്കുറിച്ച് ആളുകൾക്ക് പൊതുവിൽ നല്ലതേ പറയാനുള്ളൂ.

കാരണം, ഇസ്‌ലാം പഠിപ്പിച്ച ജിഹാദിന്റെ മാനവികമായ തലങ്ങൾ സമൂഹത്തിന് മുമ്പിൽ വളച്ചുകെട്ടില്ലാതെ അവതരിപ്പിക്കുകയും ദുരൂഹതകളില്ലാതെ പകൽ വെളിച്ചത്തിൽ സുതാര്യമായി പ്രവർത്തിക്കുകയും ചെയ്തുകൊണ്ടാണ് മുജാഹിദുകൾ ലക്ഷ്യത്തിലേക്ക് നീങ്ങിയത്.

ഒരു മതനിരപേക്ഷ രാജ്യമായ ഇന്ത്യയിലെ മുസ്‌ലിംകൾക്കിടയിൽ ജിഹാദിനെക്കുറിച്ചുള്ള തെറ്റായ സങ്കൽപങ്ങൾ പ്രചരിപ്പിച്ചിരുന്ന വിഭാഗങ്ങളുണ്ടായിട്ടുണ്ട്. ഇന്ത്യയുടെ ജനായത്ത സമ്പ്രദായങ്ങളിൽ പങ്കെടുക്കുന്നത് ശിർക്കും കുഫ്‌റുമാണെന്നുള്ള പ്രചാരണങ്ങളും ശക്തമായിരുന്നു. എന്നാൽ മക്കാകാലഘട്ടത്തിലും മദീനാകാലഘട്ടത്തിലും പ്രവാചകൻ സ്വീകരിച്ച നിലപാടുകൾ ചൂണ്ടിക്കാട്ടി ഒരു ജനാധിപത്യ മതനിരപേക്ഷ രാജ്യത്ത് മുസ്‌ലിംകൾ സ്വീകരിക്കേണ്ട നിലപാട് എന്തായിരിക്കണമെന്നത് കൃത്യമായി വിവരിച്ചുകൊടുത്തത് മുജാഹിദ് പ്രസ്ഥാനമായിരുന്നു. ജിഹാദ്, ഇബാദത്ത്, ദീൻ, ദാറുൽഇസ്‌ലാം, ദാറുൽഹർബ് തുടങ്ങിയ സംജ്ഞകളുടെ യഥാർഥ വിവക്ഷ മുജാഹിദ് പണ്ഡിതന്മാർ സമൂഹത്തെ പഠിപ്പിച്ചു. അതുവഴി ഇസ്‌ലാമിനെ പ്രതിക്കൂട്ടിൽ കയറ്റി ആക്രമിക്കാനുള്ള ഇസ്‌ലാം വിരുദ്ധരുടെ ശ്രമങ്ങളെയും ഇസ്‌ലാമിന്റെ പേരിൽ ഇല്ലാത്ത വാദങ്ങൾ പടച്ചുണ്ടാക്കിയ സംഘങ്ങളുടെ പ്രചാരണങ്ങളെയും നിർവീര്യമാക്കാൻ അവർക്ക് കഴിഞ്ഞു. മുസ്‌ലിംകൾ പ്രതിസന്ധി നേരിടുന്ന ഘട്ടങ്ങളിൽ ആവേശംകൊണ്ടും വികാരംകൊണ്ടും ഓട്ടയടക്കാനായിരുന്നു പലരും ശ്രമിച്ചത്. ജിഹാദിനെ സായുധവിപ്ലവമായും വ്യവസ്ഥിതികളെ അട്ടിമറിക്കലായും തെറ്റിദ്ധരിപ്പിച്ച് മുസ്‌ലിം സമുദായത്തിലെ സാധാരണക്കാരെ തീവ്രചിന്താഗതിയുടെ എരിതീയിലേക്ക് നയിക്കാൻ ചിലർ ശ്രമിച്ചപ്പോൾ ജിഹാദിന്റെ യാഥാർഥ്യം എന്താണെന്ന് മുസ്‌ലിം സാമാന്യജനത്തെയും മറ്റുള്ളവരെയും ബോധ്യപ്പെടുത്തുവാൻ ഇസ്വ്‌ലാഹി പണ്ഡിതർക്ക് സാധിച്ചു.

## ജനാധിപത്യവും ജിഹാദും

ജനാധിപത്യം ഭരണനിർവഹണത്തിനുള്ള ഒരു ഭൗതികമാർഗം മാത്രമാണ്. ജനാധിപത്യത്തെ അംഗീകരിച്ച് ഭരിക്കുന്ന രാജ്യങ്ങൾതന്നെ വ്യത്യസ്ത വീക്ഷണങ്ങൾ വെച്ചുപുലർത്തുന്നവയാണ്. മതനിരപേക്ഷത തത്ത്വത്തിലും പ്രയോഗത്തിലും അംഗീകരിക്കുന്നവ, ഭരണഘടനാപരമായി മതനിരപേക്ഷമാണെങ്കിലും ഇസ്‌ലാമിനോടും മുസ്‌ലിംകളോടും ചിറ്റമ്മനയം കൈക്കൊള്ളുന്നവ, മതനിരപേക്ഷതക്ക് മതനിരാസത്തിന്റെ ഭാഷ്യവും ഭാവവും നൽകുന്നവ എന്നിങ്ങനെ വ്യത്യസ്ത വിധത്തിലാണ് ആധുനിക ജനാധിപത്യ രാജ്യങ്ങൾ. താത്ത്വികമായും പ്രായോഗികമായും മതനിരപേക്ഷത നിലവിലുള്ള മുസ്‌ലിംകളോട് മതത്തിന്റെ പേരിൽ അനീതി കാണിക്കാത്ത ഒരു ജനാധിപത്യ രാഷ്ട്രത്തിൽ മുസ്‌ലിം പൗരന്മാർ സായുധ സമരം നടത്തുന്നത് തെറ്റാണ്. മുസ്‌ലിംകളോട് യുദ്ധം ചെയ്യാതെ സമാധാനപരമായി ജീവിക്കുന്നവർക്കെതിരെ യാതൊരു നടപടിയും പാടില്ലെന്ന് ക്വുർആൻ (4:90) വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരം രാഷ്ട്രങ്ങളിൽ ഏതെങ്കിലും പൗരന്മാരോ അധികൃതരോ ഇസ്‌ലാമിനോ മുസ്‌ലിംകൾക്കോ വിരുദ്ധമായ നിലപാട് സ്വീകരിക്കുന്ന സ്ഥിതിവിശേഷമുണ്ടായാൽ നാട്ടിൽ അംഗീകരിക്കപ്പെടുന്ന രീതിയിൽ പ്രതിഷേധം പ്രകടിപ്പിക്കുകയും നീതിപീഠങ്ങളെ= സമീപിക്കുകയുമാണ് ചെയ്യേണ്ടത്.

ഒരു രാഷ്ട്രം മതത്തിന്റെ പേരിൽ മുസ്‌ലിംകളെ പീഡിപ്പിക്കുന്നത് നയമോ പരിപാടിയോ ആയി സ്വീകരിച്ചാൽ ആ രാഷ്ട്രത്തിനെതിരെ എന്തു നിലപാടെടുക്കണമെന്ന കാര്യം ആലോചിച്ച് തീരുമാനമെടുക്കേണ്ടത് അവിടുത്തെ മുസ്‌ലിം നേതൃത്വമാണ്. മുസ്‌ലിംകൾ തീർത്തും ദുർബലമായ ന്യൂനപക്ഷമാണെങ്കിൽ യുദ്ധം പോലെയുള്ള ആത്മഹത്യാ നിലപാടുകൾ സ്വീകരിക്കുന്നതിന് പകരം സുരക്ഷിതത്വത്തോടെയുള്ള ഇസ്‌ലാമിക ജീവിതം നയിക്കാനുള്ള മാർഗം തേടുകയാണ് വേണ്ടത്.

## പ്രബോധകരുടെ ബാധ്യത

ജിഹാദിനെക്കുറിച്ചുള്ള തെറ്റായ പ്രചാരണങ്ങൾ വർധിച്ചുവരുമ്പോൾ അതിന്റെകൂടെ സഞ്ചരിക്കുന്നതിന് പകരം ഇസ്‌ലാം പഠിപ്പിച്ച ജിഹാദ് എന്താണെന്ന് ബോധ്യപ്പെടുത്തുവാനുള്ള ശ്രമമാണ് ആവശ്യമായിട്ടുള്ളത്. വർഗീയതയും തീവ്രവാദവും വർധിച്ചുകൊണ്ടിരിക്കുന്ന കാലത്ത് ഓരോ വിഷയത്തിന്റെയും യഥാർഥ വസ്തുത ബോധ്യപ്പെടുത്താനുള്ള അവസരങ്ങൾ സൃഷ്ടിക്കുകയാണ് വേണ്ടത്. വിഷയങ്ങളിൽനിന്നും ഒളിച്ചോടുന്നതിന് പകരം സത്യസന്ധമായി കാര്യങ്ങൾ പറയുകയാണ് വേണ്ടത്. മുസ്‌ലിംകളിൽ പെട്ട അവിവേകികൾ ജിഹാദ് പോലെയുള്ള വിഷയങ്ങൾക്ക് തെറ്റിദ്ധാരണാജനകമായ ജൽപനങ്ങൾ നൽകിക്കൊണ്ടിരിക്കുമ്പോൾ അവയെ തുറന്നെതിർക്കാനുള്ള ആർജവവും യഥാർഥ ഇസ്‌ലാമിക പണ്ഡിതന്മാർ കാണിക്കേണ്ടതുണ്ട്.

**അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി**
hsalafi@gmail.com




# ദുൽഹജ്ജ് മാസത്തിലെ ശ്രേഷ്ഠദിനങ്ങൾ

ഇസ്‌ലാം കാരുണ്യത്തിന്റെ മതമാണ്. മനുഷ്യർക്ക് അസാധ്യമായ ഒരു കാര്യവും അല്ലാഹു അവന്റെ ദാസന്മാരുടെ മേൽ അടിച്ചേൽപിക്കുന്നില്ല. ഓരോരുത്തരും ചെയ്യുന്ന സൽകർമങ്ങളുടെ സദ്ഫലവും ദുഷ്‌കർമങ്ങളുടെ ദുഷ്ഫലവും അവരവർതന്നെയാണ് അനുഭവിക്കുക. അല്ലാഹു പറയുന്നു:

"അല്ലാഹു ഒരാളോടും അയാളുടെ കഴിവിൽ പെട്ടതല്ലാതെ ചെയ്യാൻ നിർബന്ധിക്കുകയില്ല. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ സദ്ഫലം അവരവർക്കുതന്നെ. ഓരോരുത്തർ പ്രവർത്തിച്ചതിന്റെ ദുഷ്ഫലവും അവരവരുടെ മേൽ തന്നെ..." (ക്വുർആൻ 2:286).

അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിലും ഔദാര്യത്തിലും പെട്ടതാണ്, തന്റെ ദാസന്മാർക്ക് സൽകർമങ്ങൾക്ക് കൂടുതൽ പ്രതിഫലം നൽകുന്നതിനുവേണ്ടി അവൻ പ്രത്യേക കാലവും സമയവും നിർണയിച്ചു തന്നിരിക്കുന്നു എന്നുള്ളത്. അത്തരത്തിലുള്ള പ്രത്യേക പുണ്യകാലങ്ങളിൽ പെട്ടതാണ് ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ പത്ത് ദിനരാത്രങ്ങൾ.

പ്രസ്തുത ദിവസങ്ങൾക്കുള്ള മഹത്ത്വങ്ങളും ശ്രേഷ്ഠതകളും വിവരിക്കുന്ന അനേകം വചനങ്ങൾ വിശുദ്ധ ക്വുർആനിലും പ്രവാചക വചനങ്ങളിലും കണ്ടെത്താവുന്നതാണ്.

അല്ലാഹു പറയുന്നു: "പ്രഭാതവും പത്ത് രാത്രികളും തന്നെയാണ് സത്യം" (ക്വുർആൻ 89:1,2).

ഇതിലെ 'പത്ത് രാവുകൾ' കൊണ്ടുദ്ദേശിക്കുന്നത്, ദുൽഹജ്ജ് മാസത്തിലെ പത്ത് രാത്രികളാണെന്നാണ് ഇബ്നുകഥീർ(റഹി) തന്റെ തഫ്സീറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

നബിﷺ പറഞ്ഞു: "ഈ പത്ത് ദിവസങ്ങളിൽ ചെയ്യുന്ന കർമങ്ങളെക്കാൾ ശ്രേഷ്ഠമായ മറ്റൊരു കർമവുമില്ല." സ്വഹാബികൾ ചോദിച്ചു: "അപ്പോൾ ജിഹാദോ?" നബിﷺ പറഞ്ഞു: "ഒരാൾ തന്റെ സമ്പത്തും ശരീരവുമായി യുദ്ധക്കളത്തിലേക്ക് പോയി തിരിച്ചു വരാത്തവിധം എല്ലാം അല്ലാഹുവിന്റെ മാർഗത്തിൽ അർപ്പിച്ച് രക്തസാക്ഷിത്വം വരിച്ചെങ്കിലല്ലാതെ അതും (ജിഹാദും) ഈ ദിവസങ്ങളിലെ സൽകർമങ്ങളോളം പുണ്യമുള്ളതായിത്തീരുകയില്ല" (ബുഖാരി).

അബ്ദുല്ലാഹിബ്നുഉമറി‌ؓൽനിന്ന്; നബിﷺ ഇപ്രകാരം പറയുന്നത് ഞാൻ കേട്ടു: "ഈ ദിവസങ്ങളെപ്പോലെ അല്ലാഹുവിങ്കൽ മഹത്തായ മറ്റൊരു ദിവസവുമില്ല. ഈ ദിവസങ്ങളിൽ നിർവഹിക്കുന്ന സൽകർമങ്ങളെപ്പോലെ അല്ലാഹുവിന് ഇഷ്ടമുള്ള മറ്റു കർമങ്ങളുമില്ല. അതുകൊണ്ട് നിങ്ങൾ സ്തുതികീർത്തനങ്ങളും തക്ബീറുകളും തഹ്‌ലീലുകളും (ലാ ഇലാഹ ഇല്ലല്ലാഹു) അധികരിപ്പിക്കുക" (ത്വബ്‌റാനി, മുഅ്ജമുൽ കബീർ).

'സഈദുബ്നു ജുബൈർؓ ദുൽഹജ്ജിലെ ആദ്യത്തെ പത്ത് ദിവസങ്ങളിൽ തനിക്ക് താങ്ങാൻ കഴിയുന്നതിലുമപ്പുറം സൽകർമങ്ങൾ പ്രവർത്തിക്കാൻ പരിശ്രമിക്കുമായിരുന്നു' (ദാരിമി).

'മേൽപറയപ്പെട്ട ദിനങ്ങൾക്ക് ഇത്രമാത്രം മഹത്ത്വമുണ്ടാകാനുള്ള കാരണം ഈ ദിവസങ്ങളിലേതു പോലെ, ഇസ്‌ലാമിലെ ഏറ്റവും പ്രധാനപ്പെട്ട ആരാധനകളായ നമസ്കാരം, നോമ്പ്, ഹജ്ജ്, ദാനധർമങ്ങൾ എന്നിങ്ങനെയുള്ള എല്ലാ ആരാധനകളും ഒരുമിച്ചുവരുന്ന മറ്റു ദിവസങ്ങൾ വേറെയില്ല എന്നുള്ളതിനാലാകുന്നു' (ഇബ്നുഹജറുൽ അസ്ക്വലാനി, ഫത്ഹുൽബാരി).

> **അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹത്തിലും ഔദാര്യത്തിലും പെട്ടതാണ്, തന്റെ ദാസന്മാർക്ക് സൽകർമങ്ങൾക്ക് കൂടുതൽ പ്രതിഫലം നൽകുന്നതിനുവേണ്ടി അവൻ പ്രത്യേക കാലവും സമയവും നിർണയിച്ചു തന്നിരിക്കുന്നു എന്നുള്ളത്. അത്തരത്തിലുള്ള പ്രത്യേക പുണ്യകാലങ്ങളിൽ പെട്ടതാണ് ദുൽഹജ്ജ് മാസത്തിലെ ആദ്യത്തെ പത്ത് ദിനരാത്രങ്ങൾ. പ്രസ്തുത ദിവസങ്ങൾക്കുള്ള മഹത്ത്വങ്ങളും ശ്രേഷ്ഠതകളും വിവരിക്കുന്ന അനേകം വചനങ്ങൾ വിശുദ്ധ ക്വുർആനിലും പ്രവാചക വചനങ്ങളിലും കണ്ടെത്താവുന്നതാണ്.**

നാം പ്രത്യേകം ശ്രദ്ധിക്കുക: ദുൽഹജ്ജിലെ ആദ്യപത്ത് ദിവസങ്ങൾക്ക് പ്രത്യേകതയുള്ളതിനാൽ നാം നിർവഹിക്കുന്ന കർമങ്ങൾ കൂടുതൽ ശ്രദ്ധയോടെയും പരിപൂർണ രൂപത്തിലും നിർവഹിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### നമസ്കാരം

നിർബന്ധനമസ്കാരങ്ങൾ സമയമായാൽ ഉടനെ കഴിവതും ജമാഅത്തായി പള്ളിയിൽവെച്ച് നിർവഹിക്കുക, സുന്നത്തു നമസ്കാരങ്ങൾ കൃത്യമായി അനുഷ്ഠിക്കുക എന്നിവയെല്ലാം ഏറ്റവും ശ്രേഷ്ഠകരമായ കർമങ്ങളാകുന്നു. എന്നാൽ ഇവ ദുൽഹജ്ജ് മാസത്തിൽ മാത്രമായി അനുഷ്ഠിക്കേണ്ട കാര്യങ്ങളല്ല. എല്ലാ കാലങ്ങളിലും പാലിക്കേണ്ടവ തന്നെയാണിവയെല്ലാം.

സൗബാനിؓൽനിന്ന് നിവേദനം; നബിﷺ പറഞ്ഞു: "നിങ്ങൾ സുജൂദുകൾ അധികരിപ്പിക്കുക. ഏതൊരു മനുഷ്യനും അവൻ നിർവഹിക്കുന്ന ഓരോ സുജൂദ് മുഖേനയും അവന്റെ പദവികൾ ഉയർത്തുകയോ പാപങ്ങൾ മായ്ക്കുകയോ ചെയ്തുകൊണ്ടല്ലാതെ അവൻ അത് നിർവഹിക്കുന്നില്ല" (മുസ്‌ലിം).

### നോമ്പ്

പ്രവാചകപത്നിമാരിൽനിന്നും റിപ്പോർട്ട് ചെയ്യുന്നു: "നബിﷺ ദുൽഹജ്ജ് ഒമ്പത്, മുഹർറം പത്ത്, മാസങ്ങളിൽ പൗർണമിദിനങ്ങളായ പതിമൂന്ന്, പതിനാല്, പതിനഞ്ച് എന്നീ ദിനങ്ങളിൽ നോമ്പനുഷ്ഠിക്കാറുണ്ടായിരുന്നു" (മുസ്‌ലിം).

ഇമാംനവവി(റഹി) ദുൽഹജ്ജ് ഒന്നുമുതൽ ഒമ്പത് കൂടിയ ദിവസങ്ങളിൽ തുടർച്ചയായി നോമ്പനുഷ്ഠിക്കൽ നല്ലതാണെന്ന് അഭിപ്രായപ്പെടുന്നുണ്ട്.

ഹജ്ജ്കർമം നിർവഹിച്ചുകൊണ്ടിരിക്കുന്ന ഹാജിമാർ അല്ലാത്തവർക്ക് അറഫാദിവസത്തിൽ നോമ്പ്നോൽക്കൽ ഏറെ പുണ്യമുള്ള കാര്യമാണ്.

അത് കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ ഓരോ വർഷങ്ങളിലെ പാപങ്ങൾ പൊറുക്കപ്പെടാൻ പര്യാപ്തമായതാണ് (മുസ്‌ലിം).

പ്രസ്തുത ദിവസത്തിലാണ് ഏറ്റവും കൂടുതൽ ആളുകളെ അല്ലാഹു നരകത്തിൽനിന്നും മോചിപ്പിക്കുക എന്നും, അല്ലാഹു തന്റെ ദാസന്മാരോട് ഏറ്റവും അടുക്കുകയും അന്നേരം ആരാധനകളിൽ മുഴുകിയ ജനങ്ങളുടെ കാര്യത്തിൽ മലക്കുകളോട് അഭിമാനം നടിക്കുകയും ചെയ്യുമെന്നും ഹദീഥുകളിൽ കാണാവുന്നതാണ്.

### തക്ബീറുകൾ

ഇബ്നുഉമറി(റ)ൽനിന്ന് ത്വബ്റാനി ഉദ്ധരിച്ച ഹദീഥിന്റെ അടിസ്ഥാനത്തിൽ തക്ബീർ, ലാ ഇലാഹ ഇല്ലല്ലാഹു, അൽഹംദുലില്ലാഹ് എന്നീ ആശയങ്ങളുൾക്കൊള്ളുന്ന കീർത്തനങ്ങൾ പ്രസ്തുത ദിവസങ്ങളിൽ അധികരിപ്പിക്കേണ്ടതാണ്. ഇബ്നുഉമർ(റ), അബൂഹുറയ്റ(റ) എന്നിവർ ഈ ദിവസങ്ങളിൽ അങ്ങാടികളിലിറങ്ങി തക്ബീർ ചൊല്ലിയിരുന്നു. അതുകേട്ട് ജനങ്ങളും തക്ബീർ ചൊല്ലിയിരുന്നു. (ബുഖാരി).

### ബലിദിനം

ഇന്ന് ആളുകൾ വേണ്ടത്ര പ്രാധാന്യം കൊടുത്തുകാണാത്തതും എന്നാൽ ദുൽഹജ്ജ് മാസത്തിലെ വളരെ മഹത്ത്വമുള്ളതുമായ ഒരു ദിവസമാകുന്നു ബലിദിനം. ദിവസങ്ങളിൽ ഏറ്റവും മഹത്ത്വമുള്ള ദിവ സം ബലിദിവസം (ദുൽഹജ്ജ് പത്ത്) ആകുന്നു എന്ന് വ്യക്തമാക്കിക്കൊണ്ട് ഇമാം അബൂദാവൂദ് തന്റെ സുനനിൽ ഇപ്രകാരം ഒരുഹദീസ് റിപ്പോർട്ടുചെയ്യുന്നത് കാണാവുന്നതാണ്:

"അല്ലാഹുവിങ്കൽ ഏറ്റവും ശ്രേഷ്ഠമായ ദിനം ബലിദിനവും പിന്നെ ജനങ്ങൾ മിനായിൽ കഴിച്ചുകൂട്ടുന്ന ദിനവുമാണ്" (അബൂദാവൂദ്).

ആയതിനാൽ ഈ ദിവസം ആഘോഷത്തിൽ മാത്രം മുഴുകാതെ ആരാധനകളിൽ കൂടുതൽ നിരതരാവുക.

### ഉദുഹിയ്യത്ത്

ദുൽഹജ്ജ്പത്തിനെ ബലിദിനം (യൗമുന്നഹ്ർ) എന്ന് പ്രവാചകൻﷺ വ്യക്തമാക്കിയതിൽനിന്നു തന്നെ, അന്ന് നിർവഹിക്കാനുള്ള പ്രധാനപ്പെട്ട കർമം ബലി (ഉദുഹിയ്യത്ത്) ആണെന്ന് മനസ്സിലാക്കാവുന്നതാണ്.

നബിﷺ പറഞ്ഞു: "കഴിവുണ്ടായിരുന്നിട്ടും ഉദുഹിയ്യത്ത് നിർവഹിക്കാത്തവർ നമ്മുടെ പെരുന്നാൾ നമസ്കാര സ്ഥലത്തേക്ക് പോലും അടുക്കേണ്ടതില്ല" (അഹ്മദ്, ഇബ്നുമാജ).

അത്തരക്കാർക്ക്, സ്വന്തം മകനെ അല്ലാഹുവിന്റെ പ്രീതിക്കായി ബലിയറുക്കാൻ സന്നദ്ധനായ ഇബ്റാഹീം നബി(അ)യുടെയും കുടുംബത്തിന്റെയും ചരിത്രം അയവിറക്കി പെരുന്നാൾ ആഘോഷിക്കാൻ പോലും അർഹതയില്ല. വർഷത്തിൽ ഒരുതവണ മാത്രമാണ് നമ്മോട്, നമുക്ക് ആയുസ്സും ജോലിയെടുക്കാനും സമ്പാദിക്കാനുമെല്ലാം കഴിവും സൗകര്യങ്ങളും നൽകി അനുഗ്രഹിച്ച അല്ലാഹു, ഇങ്ങനെയൊരു കാര്യം ആവശ്യപ്പെടുന്നത്! എന്നിട്ടും കഴിവുണ്ടായിട്ടും പലരും അതിൽനിന്നും തിരിഞ്ഞുകളയുന്നു!



### പങ്കുചേർന്നും അറുക്കാം

ഒട്ടകം, മാട് എന്നിവയിൽ ഏഴ് പേർക്കുവരെ പങ്കുചേർന്ന് അറുക്കുവാൻ അനുവാദമുണ്ട്. ഈ പുണ്യകർമത്തിൽ കൂടുതൽ ആളുകൾക്ക് പങ്കെടുക്കാൻ കഴിയുന്നതിനുവേണ്ടിയത്രെ ഇത്. എന്നാൽ ആടിൽ ഒന്നിലധികം ആളുകൾക്ക് പങ്കു ചേരാവതല്ല.

ഒരാൾക്ക് ഒരു മൃഗത്തെ തനിക്കും തന്റെ കുടുംബത്തിനുംവേണ്ടി അറുക്കാവുന്നതാണ്. അബൂഅയ്യൂബുൽ അൻ സ്വാരി ﷺയിൽനിന്നും ഇപ്രകാരം റിപ്പോർട്ട് ചെയ്യുന്നു: "നബി ﷺയുടെ കാലത്ത് ഒരാൾ തനിക്കും തന്റെ വീട്ടുകാർക്കും കൂടി ഒരാടിനെ ബലിയറുക്കുകയും അവർ അതിൽനിന്ന് ഭക്ഷിക്കുകയും മറ്റുള്ളവരെ ഭക്ഷിപ്പിക്കുകയും ചെയ്യുമായിരുന്നു" (ഇബ്നുമാജ, തിർമിദി).

### എങ്ങനെയുള്ള മൃഗം?

തടിച്ചുകൊഴുത്തതും ആരോഗ്യമുള്ളതും വൈകല്യങ്ങൾ ഇല്ലാത്തതുമായ നല്ലയിനം മൃഗമായിരിക്കണം ഉദുഹിയ്യത്തിനായി തിരഞ്ഞെടുക്കേണ്ടത്.

നബി ﷺ പറഞ്ഞു: "കണ്ണിന്ന് തകരാറുകളുള്ളത്, രോഗം പ്രകടമായത്, മുടന്തുകാലുള്ളത്, മെലിഞ്ഞു കൊഴുപ്പൊക്കെ നശിച്ചത് എന്നീ നാലുതരം മൃഗങ്ങളെ ബലിയറുക്കൽ അനുവദനീയമല്ല." (അഹ്മദ്).

### അറുക്കേണ്ട സമയം

പെരുന്നാൾ നമസ്കാരശേഷം മാത്രമെ അറുക്കാൻ പാടുള്ളൂ. നബി ﷺ പറഞ്ഞു: "ഈ ദിവസത്തിൽ ആദ്യമായി നാം നിർവഹിക്കുന്നത് നമസ്കാരമാണ്. പിന്നെ നാം മടങ്ങുകയും ബലിയറുക്കുകയും ചെയ്യും. ഇങ്ങനെ ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ നമ്മുടെ സുന്നത്ത് പിൻപറ്റി. ആരെങ്കിലും നമസ്കാരത്തിനുമുമ്പ് അറുത്താൽ അത് തന്റെ വീട്ടുകാർക്ക് മാംസത്തിനുവേണ്ടി മാത്രമായിരിക്കും. ഉദുഹിയ്യത്തിൽ അത് ഉൾപ്പെടുന്നതല്ല" (മുസ്‌ലിം).

ദുൽഹജ്ജ് പത്താണ് ബലിയറുക്കാൻ ഏറ്റവും ഉത്തമമായ ദിവസം എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അയ്യാമുത്തശ്‌രീക് എന്നറിയപ്പെടുന്ന ദുൽഹജ്ജ് പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് എന്നീ ദിവസങ്ങളിലും അറുക്കുന്നതിന് വിരോധമില്ല.

### മാംസവിതരണം

"അവയുടെ (നിങ്ങൾ അറുക്കുന്ന മൃഗത്തിന്റെ) മാംസങ്ങളോ രക്തമോ അല്ലാഹുവിങ്കൽ എത്തുന്നതല്ല. എന്നാൽ നിങ്ങളുടെ തക്‌വ(ധർമനിഷ്ഠ) യാണ് അവന്റെയടുത്ത് എത്തുന്നത്" (ക്വുർആൻ 22:37).

**"പെരുന്നാൾ നമസ്കാരശേഷം മാത്രമെ അറുക്കാൻ പാടുള്ളൂ. നബി ﷺ പറഞ്ഞു: "ഈ ദിവസത്തിൽ ആദ്യമായി നാം നിർവഹിക്കുന്നത് നമസ്കാരമാണ്. പിന്നെ നാം മടങ്ങുകയും ബലിയറുക്കുകയും ചെയ്യും. ഇങ്ങനെ ആരെങ്കിലും പ്രവർത്തിച്ചാൽ അവൻ നമ്മുടെ സുന്നത്ത് പിൻപറ്റി. ആരെങ്കിലും നമസ്കാരത്തിനുമുമ്പ് അറുത്താൽ അത് തന്റെ വീട്ടുകാർക്ക് മാംസത്തിനുവേണ്ടി മാത്രമായിരിക്കും. ഉദുഹിയ്യത്തിൽ അത് ഉൾപ്പെടുന്നതല്ല" (മുസ്‌ലിം). ദുൽഹജ്ജ് പത്താണ് ബലിയറുക്കാൻ ഏറ്റവും ഉത്തമമായ ദിവസം എന്ന കാര്യത്തിൽ സംശയമില്ല. എന്നാൽ അയ്യാമുത്തശ്‌രീക് എന്നറിയപ്പെടുന്ന ദുൽഹജ്ജ് പതിനൊന്ന്, പന്ത്രണ്ട്, പതിമൂന്ന് എന്നീ ദിവസങ്ങളിലും അറുക്കുന്നതിന് വിരോധമില്ല."**

മാംസം വിതരണം ചെയ്യുന്നതിന് പ്രത്യേക അനുപാതമോ പരിധിയോ നിശ്ചയിക്കപ്പെട്ടില്ല. ബലിയെ സംബന്ധിച്ച് പറയുന്നിടത്ത് വിശുദ്ധ ക്വുർആൻ ഇപ്രകാരം വ്യക്തമാക്കുന്നുണ്ട്:

"ആ ബലിയൊട്ടകങ്ങൾ പാർശ്വങ്ങളിൽ വീണുകഴിഞ്ഞാൽ അവയിൽനിന്ന് നിങ്ങൾ ഭക്ഷിക്കുകയും (യാചിക്കാതെ) സംതൃപ്തിയടയുന്നവന്നും ആവശ്യപ്പെട്ടുവരുന്നവന്നും നിങ്ങൾ ഭക്ഷിപ്പിക്കുകയും ചെയ്യുക" (ക്വുർആൻ 22:36).

"നിങ്ങൾ അതിൽനിന്ന് ഭക്ഷിക്കുകയും പരവശനും ദരിദ്രനുമായിട്ടുള്ളവന് ഭക്ഷിക്കാൻ കൊടുക്കുകയും ചെയ്യുക" (ക്വുർആൻ 22:28).

ഇവിടെ നൽകപ്പെടേണ്ടവർ 'പാവപ്പെട്ടവർ, യാചിച്ചുവരുന്നവർ' എന്ന് മാത്രമാണ് ക്വുർആൻ പറഞ്ഞിട്ടുള്ളത്. 'നിങ്ങൾ തിന്നുക, ദാനംചെയ്യുക, സൂക്ഷിക്കുക' (തിർമിദി) എന്നുമാത്രമാണ് ഹദീഥുകളിലും വന്നിട്ടുള്ളത്. ഇവിടെയെല്ലാം നിരുപാധികമായ പദ

ങ്ങൾ ഉപയോഗിച്ചിട്ടുള്ളതിനാൽ, അൽപം ഭക്ഷിക്കാൻ എടുക്കുകയും ബാക്കി ആവശ്യക്കാർക്കും ദരിദ്രർക്കും വിതരണം ചെയ്യുകയുമാണ് വേണ്ടത്.

അറവുകാരന് കൂലിയെന്നനിലയ്ക്ക് മാംസമോ മൃഗത്തിന്റെ തോലോ നൽകരുതെന്ന് പ്രത്യേകം ഹദീഥുകളിൽ നിർദേശിക്കപ്പെട്ടിട്ടുണ്ട്.

അലി‌ﷺപറയുന്നു: "നബിﷺ തന്റെ ഒട്ടകത്തിന്റെ കാര്യം നിർവഹിക്കുവാനും അതിന്റെ മാംസവും തോലും അതിന്മേലുള്ള വിരിപ്പും ദാനം ചെയ്യുവാനും എന്നോട് കൽപിച്ചു. അതിൽനിന്ന് ഒരു വസ്തുവും അറവുകാർക്ക് കൂലിയായി നൽകരുതെന്നും കൽപിച്ചു. ഞങ്ങൾ അവർക്ക് കൂലിയായി വേറെ സ്വന്തമായി നൽകുകയാണ് ചെയ്തിരുന്നത്" (ബുഖാരി, മുസ്‌ലിം). ഇക്കാര്യം നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

### അറുക്കുന്നവർ ശ്രദ്ധിക്കേണ്ടത്

ഉദ്ഹിയ്യത്ത് കർമം ഉദ്ദേശിക്കുന്നവർ ദുൽഹജ്ജ് മാസം പിറന്നുകഴിഞ്ഞാൽ തന്റെ ശരീര ഭാഗങ്ങളിൽ നിന്ന് രോമങ്ങൾ നീക്കം ചെയ്യുവാനോ നഖം മുറിക്കുവാനോ പാടുള്ളതല്ല.

ഉമ്മുസൽമﷺയിൽനിന്ന്; നബിﷺ പറഞ്ഞു: "നിങ്ങളിൽ ആരെങ്കിലും ഉദുഹിയ്യത്ത് ഉദ്ദേശിക്കുന്നുവെങ്കിൽ ദുൽഹജ്ജ് മാസപ്പിറവി കണ്ടുകഴിഞ്ഞാൽ അറവു നടത്തുന്നതുവരെ അവന്റെ ശരീരത്തിൽനിന്ന് മുടികളും നഖങ്ങളും നീക്കം ചെയ്യുന്നത് ഉപേക്ഷിക്കണ്ടതാണ്." (മുസ്‌ലിം).

കഴിവതും സ്വന്തമായിത്തന്നെ അറുക്കലാണ് ഏറ്റവും ഉത്തമം. അതിന് പ്രയാസമുള്ളവർ അറവു നടത്തുന്നിടത്ത് ഹാജരാകുവാനെങ്കിലും ശ്രദ്ധിച്ചിരിക്കണം.

അറവിന്ന് സാധാരണ അറവിനുള്ള നിയമങ്ങൾ ഇവിടെയും പാലിക്കപ്പെടേണ്ടതാണ്. 'ബിസ്മില്ലാഹി വല്ലാഹു അക്ബർ' എന്ന് പറഞ്ഞുകൊണ്ടായിരിക്കണം അറുക്കേണ്ടത്. പ്രവാചകൻﷺ അപ്രകാരമായിരുന്നു നിർവഹിച്ചിരുന്നത് എന്ന് ഇമാം മുസ്‌ലിം റിപ്പോർട്ട് ചെയ്ത ഹദീഥുകളിൽ വന്നിട്ടുണ്ട്. നബിﷺ ബലിയറുത്ത ശേഷം 'അല്ലാഹുമ്മ തക്വബ്ബൽ മിൻ മുഹമ്മദിൻ' (അല്ലാഹുവേ, മുഹമ്മദിൽ നിന്നും ഇത് നീ സ്വീകരിക്കേണമേ) എന്ന് പ്രാർഥിച്ചതായി മുസ്‌ലിമും അബൂദാവൂദും റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

അതിനാൽ 'അല്ലാഹുമ്മ തക്വബ്ബൽ മിന്നീ' (നാഥാ, എന്നിൽനിന്നും ഇത് നീ സ്വീകരിക്കേണമേ) എന്നോ, അതല്ലങ്കിൽ നമ്മുടെ പേര് പറഞ്ഞോ നമുക്കും പ്രാർഥിക്കാവുന്നതാണ്.

### ഒരുങ്ങുക

മേൽപറഞ്ഞ നല്ല നാളുകളിലേക്കടുക്കുമ്പോൾ പുണ്യം നേടാനുള്ള ആവേശവും ആത്മാർഥതയും നമ്മുടെ ഭാഗത്തുനിന്നുമുണ്ടാകുമ്പോൾ മാത്രമെ നമുക്കത് പ്രതീക്ഷിക്കാനും നേടിയെടുക്കാനും കഴിയുകയുള്ളൂ. ആദ്യം നാം നമ്മുടെ മനസ്സ് നന്നാക്കി, പാപമുക്തി നേടുക. അതാകുന്നു അല്ലാഹു ഇഷ്ടപ്പെടുന്ന മാർഗം. അല്ലാഹു പറയുന്നു: "നമ്മുടെ മാർഗത്തിൽ പരിശ്രമിക്കുന്നവരാരോ അവരെ നാം നമ്മുടെ നേർമാർഗത്തിലേക്ക് നയിക്കുക തന്നെ ചെയ്യും. നിശ്ചയമായും അല്ലാഹു സദ്‌വൃത്തരോടൊപ്പ മാകുന്നു" (ക്വുർആൻ 29:69).

നന്മയിൽ നമുക്ക് മുന്നേറാം. അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്." (ക്വുർആൻ 3:133).

ഇബ്‌റാഹീം നബിؑയുടെയും കുടുംബത്തിന്റെയും ത്യാഗനിർഭരമായ ചരിത്രമയവിറക്കി ഒരിക്കൽകൂടി പെരുന്നാൾ ആഘോഷിക്കാൻ അവസരം ലഭിച്ച നമുക്ക് അല്ലാഹുവിനെ വാഴ്ത്താം; അല്ലാഹു അക്ബർ. വലില്ലാഹിൽ ഹംദ്.

കോവിഡ് കാരണത്താൽ എല്ലാ കാര്യങ്ങളിലും നിയന്ത്രണമുള്ള കാര്യം വിസ്മരിക്കുന്നില്ല. സാധിക്കുന്നത്ര കാര്യങ്ങൾ ചെയ്യുക. പള്ളിയിൽവെച്ചോ ഈദ്ഗാഹുകളിൽവെച്ചോ പെരുന്നാൾ നമസ്കാരം നിർവഹിക്കാൻ സൗകര്യപ്പെടാതിരുന്നാൽ നിരാശപ്പെടേണ്ടതില്ല. സൽകർമങ്ങൾ ചെയ്യാൻ ആത്മാർഥമായ ആഗ്രഹമുണ്ടായിട്ടും ചെയ്യാൻ കഴിയാതിരുന്നാൽ അർഹിക്കുന്ന പ്രതിഫലം അല്ലാഹു നൽകാതിരിക്കില്ല.

"തീർച്ചയായും ഇബ്‌റാഹീമിലും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നവരിലും നിങ്ങൾക്ക് ഉത്തമമായ മാതൃകയുണ്ട്..." (ക്വുർആൻ 60:4).

തൗഹീദിന്റെ മാർഗത്തിൽ എല്ലാ പരീക്ഷണങ്ങളെയും നേരിട്ട് നിർഭയം നിലകൊണ്ട മഹാനാണ് ഇബ്‌റാഹീം നബിؑ. എത്ര മഹനീയമാണ് ആ പാത! നമുക്കും ആ പാതയിലൂടെ സഞ്ചരിക്കാം.



എ.എസ്.എം
mail@nerpatham.com

ലേഖനം

# കോവിഡ് കാലത്തെ ബലിപെരുന്നാൾ

കോവിഡ് കാലത്തെ രണ്ടാമത്തെ ബലിപെരുന്നാളും ഹജ്ജുമാണ് കടന്നുവരുന്നത്. ലക്ഷക്കണക്കിന് വിശ്വാസികൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് ഹജ്ജിനായി മക്കയിൽ വന്നിരുന്നുവെങ്കിൽ ഇപ്പോൾ കോവിഡ് ഭീഷണി കാരണത്താൽ അത് ഏതാനും ആയിരങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. കഴിഞ്ഞവർഷം പെരുന്നാൾ നമസ്കാരം വീടുകളിൽ പരിമിതമായിരുന്നു. ഇത്തവണയും മാറ്റത്തിനുള്ള സാധ്യത കാണുന്നില്ല. ഹജ്ജിന് പോകുവാൻ ശ്രമങ്ങൾ നടത്തിയിട്ടും അതിന് സാധിക്കാതെപോവുകയും മരണപ്പെടുകയും ചെയ്ത എത്രയോ വിശ്വാസികളുണ്ട്. സർവശക്തൻ അവർക്ക് ഹജ്ജ് ചെയ്തതിനുള്ള പ്രതിഫലം നൽകട്ടെ എന്ന് പ്രാർഥിക്കാം.

> **വിശ്വാസികളുടെ ആഘോഷവും ആരാധനയിൽ അധിഷ്ഠിതമാണ്. പെരുന്നാൾ ദിവസത്തെ ഏറ്റവും പ്രധാന ആരാധന പെരുന്നാൾ നമസ്കാരം തന്നെയാണ്. പെരുന്നാൾ നമസ്കാരം കഴിയുന്നത്ര നേരത്തെ നിർവഹിക്കലാണ് നബിലയുടെ മാതൃക. ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളും സ്ത്രീകളടക്കം ഈദ്ഗാഹിൽ (മൈതാനത്ത്) ഒരുമിച്ചുകൂടണം. പള്ളികളിൽ പ്രവേശിക്കൽ പാടില്ലാത്ത ആർത്തവകാരികളായ സ്ത്രീകൾ പോലും നമസ്കാരത്തിന് നിശ്ചയിക്കപ്പെട്ട ഈദ്ഗാഹിൽ പങ്കെടുത്ത് തക്ബീറുകളിലും പ്രാർഥനകളിലും മറ്റും പങ്കെടുക്കണം. അവർ നമസ്കാരത്തിൽനിന്ന് വിട്ടുനിൽക്കണമെന്ന് മാത്രം. ഇമാമോടുകൂടി രണ്ടു റക്അത്ത് നമസ്കരിച്ച്, ശേഷം ഇമാം നടത്തുന്ന ഖുതുബ (പ്രഭാഷണം) ശ്രവിക്കണം. മഴയോ മറ്റു വല്ല അസൗകര്യങ്ങളോ ഉള്ളപ്പോൾ പള്ളികളിൽ വെച്ചും നമസ്കരിക്കാവുന്നതാണ്. എന്നാൽ ഈ വിഷയത്തിലെ പ്രവാചകചര്യ ഈദ്ഗാഹിൽ വെച്ച് നമസ്കരിക്കൽ തന്നെയാണ്. വീട്ടിൽവെച്ച് പെരുന്നാൾ നമസ്കരിക്കുമ്പോൾ ഖുത്വുബയുടെ ആവശ്യമില്ല.**

പള്ളിയിലോ ഈദ്ഗാഹിലോ കുടുംബസമേതം പോയി പെരുന്നാൾ നമസ്കരിക്കുക, കുടുംബ വീടുകളിൽ സന്ദർശനം നടത്തുക എന്നതൊക്കെ മനസ്സിന് വളരെ സന്തോഷം നൽകുന്ന കാര്യമാണ്. എന്നാൽ കോവിഡ് 19 എന്ന പകർച്ചവ്യാധി കാരണത്താൽ ലോകജനത വീടകങ്ങളിൽനിന്ന് പുറത്തേക്കിറങ്ങാൻ പറ്റാത്ത, ഒരുമിച്ചുകൂടാൻ കഴിയാത്ത സാഹചര്യമാണുള്ളത്. എന്നിരുന്നാലും എങ്ങനെയാണോ സാധിക്കുന്നത് ആ വിധത്തിൽ പെരുന്നാൾ നമസ്കാരം നിർവഹിക്കുവാനും പെരുന്നാൾ ആഘോഷിക്കുവാനും വിശ്വാസികൾ സന്നദ്ധരാകേണ്ടതുണ്ട്.

പെരുന്നാൾ ആനന്ദിക്കുവാനും ആഘോഷിക്കുവാനുമുള്ളതാണ്; അതോടൊപ്പം അത് ആരാധനയും കൂടിയാണ്. ഏകദൈവ വിശ്വാസ പ്രചാരണത്തിന്റെ മാർഗത്തിൽ ഇബ്റാഹീം നബി(عليه السلام)യും ഇസ്മാഈൽ നബി(عليه السلام)യും സഹിച്ച ത്യാഗങ്ങളുടെ ചരിത്രം അനുസ്മരിക്കാതെ ഒരു ബലിപെരുന്നാളും നമുക്ക് ആഘോഷിക്കാൻ കഴിയില്ല.

മതത്തിന്റെ നിയമാതിർത്തികൾ ലംഘിച്ചുള്ള ആഘോഷം പാടില്ല. പെരുന്നാളല്ലാത്ത സമയങ്ങളിൽ നിഷിദ്ധമായതൊന്നും പെരുന്നാൾ സ്പെഷ്യലായി അനുവദനീയമാകുന്നില്ലെന്നത് പ്രത്യേകം ഓർക്കുക.

## പെരുന്നാൾ നബിചര്യയിൽ

തക്ബീർ ചൊല്ലൽ: അറഫാദിവസം പ്രഭാതം മുതൽ അയ്യാമുത്തശ്രീകിന്റെ അവസാന ദിവസം (ദുൽഹജ്ജ് പതിമൂന്ന്) അസ്ർവരെയാണ് അതിന്നു നിശ്ചയിക്കപ്പെട്ട സമയം.

## സന്തോഷപ്രകടനം

പെരുന്നാൾ ദിവസങ്ങളിൽ കുളിച്ച് സുഗന്ധം പൂശി നല്ലവസ്ത്രങ്ങൾ അണിയുകയെന്നുള്ളത് പ്രവാചകൻ പ്രത്യേകം നിർദേശിച്ച കാര്യമാണ്.

## വ്യത്യസ്ത വഴികൾ

പെരുന്നാൾ നമസ്കാര സ്ഥലത്തേക്ക് പോകുന്നതും, വരുന്നതും കഴിവതും നടന്നുകൊണ്ടും വേറെ വേറെ വഴികളിലൂടെ ആയിരിക്കലുമാണ് നബിചര്യ.

## പെരുന്നാൾ നമസ്കാരം

വിശ്വാസികളുടെ ആഘോഷവും ആരാധനയിൽ അധിഷ്ഠിതമാണ്. പെരുന്നാൾ ദിവസത്തെ ഏറ്റവും പ്രധാന ആരാധന പെരുന്നാൾ നമസ്കാരം തന്നെയാണ്.

പെരുന്നാൾ നമസ്കാരം കഴിയുന്നത്ര നേരത്തെ നിർവഹിക്കലാണ് നബിﷺയുടെ മാതൃക. ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങളും സ്ത്രീകളടക്കം ഈദ്ഗാഹിൽ (മൈതാനത്ത്) ഒരുമിച്ചുകൂടണം. പള്ളികളിൽ പ്രവേശിക്കൽ പാടില്ലാത്ത ആർത്തവകാരികളായ സ്ത്രീകൾ പോലും നമസ്കാരത്തിന് നിശ്ചയിക്കപ്പെട്ട ഈദ്ഗാഹിൽ പങ്കെടുത്ത് തക്ബീറുകളിലും പ്രാർഥനകളിലും മറ്റും പങ്കെടുക്കണം. അവർ നമസ്കാരത്തിൽനിന്ന് വിട്ടുനിൽക്കണമെന്ന് മാത്രം. ഇമാമോടുകൂടി രണ്ടു റക്അത്ത് നമസ്കരിച്ച്, ശേഷം ഇമാം നടത്തുന്ന ഖുതുബ (പ്രഭാഷണം) ശ്രവിക്കണം.

മഴയോ മറ്റു വല്ല അസൗകര്യങ്ങളോ ഉള്ളപ്പോൾ പള്ളികളിൽ വെച്ചും നമസ്കരിക്കാവുന്നതാണ്. എന്നാൽ ഈ വിഷയത്തിലെ പ്രവാചക

ചര്യ ഈദ്ഗാഹിൽ വെച്ച് നമസ്കരിക്കൽ തന്നെയാണ്. വീട്ടിൽവെച്ച് പെരുന്നാൾ നമസ്കരിക്കുമ്പോൾ ഖുത്വുബയുടെ ആവശ്യമില്ല.

**പെരുന്നാളും വിനോദങ്ങളും**

പെരുന്നാൾ സുദിനത്തിൽ അതിരുവിടാത്ത രൂപത്തിലുള്ള ആനന്ദിക്കലും വിനോദവും ഇസ്‌ലാം അനുവദിക്കുന്നുണ്ട്.

ആഇശ ﵂ പറയുന്നു: "ഒരിക്കൽ അബൂബക്കർ ﵁ എന്റെ അടുക്കലേക്ക് കടന്നുവന്നു. അന്നേരം അൻസ്വാരി പെൺകുട്ടികൾ ബുആസ് യുദ്ധത്തെ പറ്റിയുള്ള പാട്ടുകൾ പാടുകയായിരുന്നു. ഉടനെ അബൂബക്കർ (അതിനെ ആക്ഷേപിച്ച് ഇങ്ങനെ പറഞ്ഞു:) നബിയുടെ വീട്ടിലാണോ പിശാചിന്റെ കുഴലൂത്ത്! അന്നേരം നബി ﷺ പറഞ്ഞു: അബൂബക്കറെ, ഇന്ന് പെരുന്നാളല്ലേ, അവരെ വിട്ടേക്കുക. അവർ പാടിക്കൊള്ളട്ടെ" (മുസ്‌ലിം).



'ഒരു പെരുന്നാൾ ദിനത്തിൽ എത്യോപ്യക്കാർ മദീനാ പള്ളിയിൽ ആയുധാഭ്യാസപ്രകടനം നടത്തുകയും നബി ﷺ അന്നേരം ആളുകളിൽനിന്നും എനിക്കു മറയെന്നോണം നിന്നുതരികയും ഞാൻ നബി ﷺ യുടെ ചുമലിലൂടെ അത് കാണുകയും ചെയ്തു' എന്ന് ആഇശ ﵂ യിൽനിന്നും ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നുണ്ട്. നിഷിദ്ധമല്ലാത്തതും ഉപകാരപ്രദവുമായ വിനോദങ്ങൾ ആകാമെന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

**പുണ്യകർമങ്ങൾ**

ദാനധർമങ്ങൾ അധികരിപ്പിക്കൽ, കുടുംബസന്ദർശനം, മറ്റു മതസ്ഥരുമായുള്ള സൗഹാർദം ഊട്ടിയുറപ്പിക്കൽ എന്നിവക്കും ഇത്തരം സുദിനങ്ങൾ ഉപയോഗപ്പെടുത്താൻ നാം ശ്രമിക്കേണ്ടതാണ്.

പലകാരണങ്ങളാലും പെരുന്നാൾ ദിനത്തിൽപോലും സന്തോഷിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ കഴിഞ്ഞുകൂടുന്ന വിശ്വാസികൾക്കായി പ്രാർഥിക്കുവാൻ മറന്നുപോകരുത്. കോവിഡ് ബാധിച്ച് പ്രയാസപ്പെടുന്നവരുണ്ട്, മരണപ്പെട്ടവരുടെ ബന്ധുക്കളുണ്ട്, ജീവിത വരുമാനമാർഗം നിലച്ച് പട്ടിണിയിലാവരുണ്ട്. അങ്ങനെയുള്ളവർക്ക് സാധിക്കുന്ന വിധത്തിൽ ആവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുക എന്നത് വലിയ പുണ്യകർമമാണ്.

ശാന്തിയും സമാധാനവുമുള്ള സൗഭാഗ്യജീവിതം നാഥൻ നമുക്കെല്ലാം പ്രദാനം ചെയ്യട്ടെ. കോവിഡ് മഹാമാരിയെ സർവശക്തൻ ലോകജനതയിൽ നിന്ന് നീക്കിക്കളയുമാറാകട്ടെ. അല്ലാഹു അക്ബർ, അല്ലാഹു അക്ബർ, വലില്ലാഹിൽ ഹംദ്...



ഹുസൈൻ സലഫി, ഷാർജ
hsalafi@gmail.com

# അക്വബ ഉടമ്പടികൾ

**മുഹമ്മദ് നബിﷺ 27**

നബിﷺയുടെ ജീവിതത്തിൽ സംഭവിച്ച ഈ അത്ഭുതയാത്ര മുസ്‌ലിം നാമധാരികളായ ചിലർക്ക് സംശയം തെല്ലുമില്ലാതെ അംഗീകരിക്കാൻ സാധിക്കുന്നില്ല. ഈ സംഭവത്തിലൂടെ അന്നും ഇന്നും യഥാർഥ വഴിയിൽനിന്ന് തെറ്റിപ്പോയവർ ധാരാളമാണ്. ബുദ്ധിക്ക് ഉൾക്കൊള്ളാൻ സാധിക്കുന്നില്ലെന്ന് പറഞ്ഞാണ് പലരും തെറ്റിപ്പോയത്. പ്രമാണത്തെക്കാൾ ബുദ്ധിക്ക് സ്ഥാനം നൽകുന്ന 'അക്‌ലാനി'കൾക്ക് ഇതൊന്നും അംഗീകരിക്കുവാനോ ഉൾക്കൊള്ളുവാനോ സാധിക്കുകയില്ല. ഇത്തരം സമീപനം ഒരു യഥാർഥ വിശ്വാസിക്ക് ചേർന്നതല്ല.

നബിﷺ ഈ യാത്രാവിവരണം നടത്തുന്ന സമയത്തും ചിലർ ബുദ്ധികൊണ്ട് ഇതിനെ അളന്നു നോക്കി. അങ്ങനെ അവർക്ക് അത് അംഗീകരിക്കാൻ പ്രയാസമായതിനാൽ സത്യമാർഗത്തെ വലിച്ചെറിഞ്ഞു. നബിﷺയിൽ വിശ്വസിച്ചവർക്കിടയിൽനിന്നു തന്നെ ചിലർ ഈ യാത്രയിൽ അവിശ്വാസം പ്രകടിപ്പിച്ചു രംഗത്തുവന്നത് ശത്രുക്കൾ മുതലെടുക്കാൻ ശ്രമിച്ചു. അവർ നേരെ അബൂബക്റി(റ)ന്റെ അടുത്തേക്ക് പോയി. എന്നിട്ട് അവർ ചോദിച്ചു: 'അബൂബക്റേ, നിന്റെ കൂട്ടുകാരന് ഭ്രാന്താണെന്ന് ഞങ്ങൾ എത്രയായി പറയുന്നു. അവൻ എന്തെല്ലാമാണ് ഇപ്പോൾ വിളിച്ചുപറയുന്നത്!' നബിﷺ വിവരിച്ച കാര്യങ്ങളെല്ലാം അവർ അബൂബക്റി(റ)ന്റെ മുമ്പിൽ അവതരിപ്പിച്ചു. അവരുടെ സംസാരത്തിനുശേഷം അബൂബക്ർ(റ) ചോദിച്ചു: 'അദ്ദേഹം അപ്രകാരം പറഞ്ഞുവോ?' അവർ മറുപടി പറഞ്ഞു: 'അതെ.' അവർ വിചാരിച്ചത് അബൂബക്റും നബിﷺയെ തള്ളുമെന്നായിരുന്നു. എന്നാൽ അബൂബക്റി(റ)ന്റെ മറുപടി 'മുഹമ്മദ് നബിﷺ അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ ഞാൻ അത് വിശ്വസിക്കുന്നു' എന്നായിരുന്നു!

മുഹമ്മദ് നബിﷺ പറയുന്ന ഏതൊരു കാര്യത്തെയും ലവലേശം സംശയമില്ലാതെ ആത്മാർഥമായി സത്യപ്പെടുത്തുന്ന ആളായിരുന്നു അബൂബക്ർ(റ). അതിനാലാണ് അദ്ദേഹത്തിന് 'സ്വിദ്ദീക്വ്' (സത്യസന്ധൻ) എന്ന സ്ഥാനപ്പേര് നബിﷺ നൽകിയത്.

ആഇശ(റ)യിൽനിന്ന് നിവേദനം; അവർ പറഞ്ഞു: "നബിﷺയെയുംകൊണ്ട് മസ്ജിദുൽ അക്വ്സ്വായിലേക്ക് രാപ്രയാണം നടത്തപ്പെട്ടപ്പോൾ; രാവിലെ ജനങ്ങളെല്ലാം അതിനെപ്പറ്റി സംസാരത്തിലായി. നബിﷺയിൽ വിശ്വസിക്കുകയും സത്യപ്പെടുത്തുകയും ചെയ്തവരിലെ (ചില) ആളുകൾ മതപരിത്യാഗികൾ (മുർതദ്ദുകൾ) ആയി. (അങ്ങനെ) മുശ്‌രിക്കുകളിലെ ചിലർ അബൂബക്റി(റ)ന്റെ അടുത്തേക്ക് ഓടി. അവർ ചോദിച്ചു: 'നിന്റെ കൂട്ടുകാരൻ ഒറ്റരാത്രിയിൽ ബയ്ത്തുൽ മക്വ്ദിസിലേക്ക് രാപ്രയാണം നടത്തി എന്ന് വാദിക്കുന്നുവല്ലോ!' അദ്ദേഹം ചോദിച്ചു: 'അദ്ദേഹം അത് പറഞ്ഞുവോ?' അവർ പറഞ്ഞു: 'അതെ.' അദ്ദേഹം പറഞ്ഞു: 'അദ്ദേഹം അത് പറഞ്ഞുവെങ്കിൽ തീർച്ചയായും അത് സത്യമാണ്.' അവർ ചോദിച്ചു: 'അവൻ ഒരു രാത്രിയിൽ ബൈത്തുൽ മക്വ്ദിസിലേക്ക് പോയി എന്നതും പ്രഭാതത്തിനുമുമ്പ് (തിരിച്ചു) വന്നു എന്നതും താങ്കൾ സത്യപ്പെടുത്തുന്നുവോ?' അപ്പോൾ അദ്ദേഹം പറഞ്ഞു: 'അതെ, (കാരണം) ഞാൻ അതിനെക്കാൾ വിദൂരമായ കാര്യങ്ങളിൽ അദ്ദേഹത്തെ സത്യപ്പെടുത്തുന്നവനാണ്. രാവിലെയും വൈകുന്നേരവും വാനലോകത്തുനിന്നും വരുന്ന വാർത്തകളെ ഞാൻ സത്യപ്പെടുത്തുന്നവനാണ്.' അങ്ങനെയാണ് അബൂബക്റി(റ)ന് സ്വിദ്ദീക്വ് എന്ന പേരു വന്നത്" (ഹാകിം).

### പ്രബോധനത്തിനുള്ള അവസരങ്ങൾ ഒന്നും പാഴാക്കിയില്ല

നബിﷺ തന്റെ മക്കാജീവിതകാലത്ത് കിട്ടുന്ന അവസരമെല്ലാം ദീൻ പ്രചരിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്താറുണ്ടായിരുന്നു. ഒരു ഒഴിവുസമയത്തും നബിﷺ വെറുതെയിരിക്കാറില്ലായിരുന്നു. മക്കയിലും പരിസരത്തുമുള്ള ഓരോ ക്വബീല(ഗോത്രത്തിലും)യിലും ഈ സന്ദേശം എത്തിക്കാനായി കഠിനാധ്വാനം ചെയ്യുകയായിരുന്നു നബിﷺ. ഹജ്ജ്-ഉംറ സമയങ്ങളെ നബിﷺ ഇതിനായി ഫലപ്രദമായി ഉപയോഗിക്കുന്നതിൽ കൂടുതൽ ശ്രദ്ധകാണിച്ചിരുന്നു. കാരണം ഇതരദേശങ്ങളിൽനിന്ന് വരുന്നവരും ആ കൂട്ടത്തിൽ ഉണ്ടാകും. അവരിലേക്ക് ഈ സന്ദേശം എത്തുകയും അവർ അത് സ്വീകരിക്കുകയും ചെയ്യുന്നതോടെ അവരുടെ നാട്ടിലും ഇത് എത്താൻ കാരണമാകും. അതുപോലെ ഉക്കാളയിലും ദുൽമജാസിലും മിജന്നയിലും ആളുകൾ ഒരുമിച്ചുകൂടുന്ന മറ്റു ഇടങ്ങളിലുമെല്ലാം ചെന്ന് അദ്ദേഹം ഇസ്‌ലാമിനെ പരിചയപ്പെടുത്താറുണ്ടായിരുന്നു. ഒരു സംഭവം കാണുക:

**"നബിﷺ തന്റെ മക്കാജീവിതകാലത്ത് കിട്ടുന്ന അവസരമെല്ലാം ദീൻ പ്രചരിപ്പിക്കുന്നതിന് ഉപയോഗപ്പെടുത്താറുണ്ടായിരുന്നു. ഒരു ഒഴിവുസമയത്തും നബിﷺ വെറുതെയിരിക്കാറില്ലായിരുന്നു. മക്കയിലും പരിസരത്തുമുള്ള ഓരോ ഗോത്രത്തിലും ഈ സന്ദേശം എത്തിക്കാനായി കഠിനാധ്വാനം ചെയ്യുകയായിരുന്നു നബിﷺ. ഹജ്ജ്-ഉംറ സമയങ്ങളെ നബിﷺ ഇതിനായി ഫലപ്രദമായി ഉപയോഗിക്കുന്നതിൽ കൂടുതൽ ശ്രദ്ധകാണിച്ചിരുന്നു. കാരണം ഇതരദേശങ്ങളിൽനിന്ന് വരുന്നവരും ആ കൂട്ടത്തിൽ ഉണ്ടാകും. അവരിലേക്ക് ഈ സന്ദേശം എത്തുകയും അവർ അത് സ്വീകരിക്കുകയും ചെയ്യുന്നതോടെ അവരുടെ നാട്ടിലും ഇത് എത്താൻ കാരണമാകും."**

ബനൂഅദ്ദീലുകാരിൽ പെട്ട റബീഅ തുബ്നു ഉബ്വാദ്ﷺ-അദ്ദേഹം ജാഹിലിയ്യക്കാരനായിരുന്നു. പിന്നീട് മുസ്‌ലിമായി- പറഞ്ഞു: "ജാഹിലിയ്യ കാലത്ത് ഞാൻ ദുൽമജാസിലെ ചന്തയിൽ അല്ലാഹുവിന്റെ റസൂലിനെ ഇപ്രകാരം പറയുന്നതായി കാണുകയുണ്ടായി: 'അല്ലയോ ജനങ്ങളേ, നിങ്ങൾ ലാ ഇലാഹ ഇല്ലല്ലാഹു എന്ന് പറയുവിൻ, എങ്കിൽ നിങ്ങൾ വിജയിക്കുന്നതാണ്.' ജനങ്ങൾ എല്ലാവരും നബിﷺയുടെ അടുത്ത് ഒരുമിച്ചുകൂടിയിട്ടുണ്ടായിരുന്നു. നബിﷺയുടെ പുറകിൽ വെളുത്ത മുഖമുള്ള ഒരാൾ ഉണ്ടാകും. അയാൾ പറയുന്നു: 'തീർച്ചയായും അവൻ (നബിﷺ എവിടെ പോയാലും കള്ളനും ചതിയനുമാകുന്നു.' അങ്ങനെ ഞാൻ അയാളെപ്പറ്റി ചോദിച്ചു. അപ്പോൾ അവർ പറഞ്ഞു: 'ഇത് നബിﷺയുടെ പിതൃവ്യൻ അബൂലഹബാണ്" (അൽബിദായഃ വന്നിഹായഃ).

ജനങ്ങൾ കൂടുന്നിടത്തെല്ലാം ദീനിന്റെ സന്ദേശം എത്തിക്കുകയാണ് നബിﷺ ചെയ്യുന്നത്. നബിﷺയുടെ സംസാരം കേൾക്കുന്നതിന് ജനങ്ങൾ ഒന്നാകെ തടിച്ചുകൂടും. ഇങ്ങനെ നബിﷺ അങ്ങാടികളിൽ ദഅ്‌വത്ത് നടത്തുന്നതും ജനങ്ങൾ അതിൽ ആകൃഷ്ടരാകുന്നതും അബൂലഹബ് അറിഞ്ഞു. അതിനാൽനബിﷺ എവിടെ ചെന്ന് ഇസ്‌ലാമിക പ്രബോധനം നടത്തുമ്പോഴും തൊട്ടടുത്ത് അവനും നിൽക്കുന്നുണ്ടാകും. അങ്ങനെ അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്ന ഏകദൈവ വിശ്വാസത്തിലേക്ക് നബിﷺ ക്ഷണിച്ചുകഴിഞ്ഞാൽ അവൻ മറുപടി പ്രസംഗം തുടങ്ങും. 'ഓ ജനങ്ങളേ, ഇവൻ നിങ്ങളുടെ പിതാക്കളുടെ മതത്തിൽനിന്നും നിങ്ങളെ തെറ്റിക്കാൻ നടക്കുന്ന കള്ളനും ചതിയനുമാണ്. മഹാന്മാരായ ലാത്തയെയും ഉസ്സയെയും ഒഴിവാക്കുവാനാണ് അവൻ പറയുന്നത്' എന്നിങ്ങനെ അബൂലഹബ് സംസാരിക്കും.

ഇതിന്റെ തനിയാവർത്തനം വർത്തമാനകാലഘട്ടത്തിൽ നമുക്കിടയിലും നാം കാണുന്നില്ലേ? അല്ലാഹുവിനെ മാത്രമെ ആരാധിക്കാവൂ എന്നും ലാ ഇലാഹ ഇല്ലല്ലാഹു എന്നതിൽ ശരിയായി വിശ്വസിക്കുവിൻ എന്നും ജനങ്ങളെ ഉദ്ബോധിപ്പിക്കുമ്പോൾ ഉടനെ ചിലർ ഒച്ചപ്പാടുകളുമായി രംഗത്തുവരും. നോട്ടീസുകൾ അടിച്ചിറക്കും. 'ഇവർ കളവ് പറയുകയാണ്; പിഴച്ചവരാണ്. നമ്മുടെ പൂർവികരുടെ വിശ്വാസമെല്ലാം തെറ്റാണെന്നാണ് ഇവർ പറയുന്നത്. അവരെ പിൻപറ്റരുത്' എന്നിങ്ങനെ പറഞ്ഞ് ജനങ്ങളെ സത്യമാർഗത്തിൽനിന്ന് തടയാൻ ശ്രമിക്കും. ചരിത്രത്തിന്റെ ആവർത്തനം!

അബൂലഹബിന്റെ ശകാരങ്ങൾക്കോ പ്രകോപനങ്ങൾക്കോ നബിﷺയുടെ പ്രബോധനത്തെ തളക്കാൻ കഴിഞ്ഞില്ല.

ജാബിറിﷺൽനിന്ന് നിവേദനം; അദ്ദേഹം പറഞ്ഞു: "നബിﷺ ഒരു സ്ഥലത്ത് ജനങ്ങൾക്ക് തന്നെ കാണിക്കുകയായിരുന്നു. അങ്ങനെ അവിടുന്ന് ചോദിച്ചു: 'ആരുണ്ട് തന്റെ ജനതയിലേക്ക് എന്നെ എത്തിക്കാൻ? കാരണം, തീർച്ചയായും ക്വുറയ്ശികൾ എന്റെ റബ്ബിന്റെ സംസാരത്തെ എത്തിക്കുന്നതിനെ തൊട്ട് എന്നെ തടഞ്ഞിരിക്കുന്നു.' അപ്പോൾ ഹംദാൻകാരനായ ഒരാൾ നബിﷺയുടെ അടുത്ത് വന്നു. അന്നേരം അവിടുന്ന് ചോദിച്ചു: 'താങ്കൾ എവിടെനിന്നാണ്?' അദ്ദേഹം പറഞ്ഞു: 'ഞാൻ ഹംദാനിൽനിന്നാകുന്നു.' നബിﷺ ചോദിച്ചു: 'താങ്കളുടെ ജനതയിൽനിന്ന് സംരക്ഷണം കിട്ടുമോ?' അദ്ദേഹം പറഞ്ഞു: 'അതെ.' അങ്ങനെ അല്ലാഹുവിന്റെ റസൂലിﷺന്റെ അടുത്തേക്ക് അദ്ദേഹം വന്നു. എന്നിട്ട് അദ്ദേഹം പറഞ്ഞു: 'ഞാൻ അവരുടെ അടുത്തേക്ക് പോകാം. എന്നിട്ട് അവരെ (ഇത്) അറിയിക്കുകയും ചെയ്യാം. പിന്നീട് അടുത്ത കൊല്ലം ഞാൻ താങ്കളുടെ അടുത്ത് വരുന്നതാണ്.' നബിﷺ പറഞ്ഞു: 'ശരി.' അങ്ങനെ അദ്ദേഹം പോകുകയും റജബിൽ ഒരു വലിയ സംഘത്തെയുമായി വരികയും ചെയ്തു" (അഹ്മദ്).

ക്വുറയ്ശികൾ നബിﷺയെ പ്രബോധനവീഥിയിൽ തടഞ്ഞപ്പോൾ അദ്ദേഹം മറ്റു ദേശങ്ങളിലേക്ക് ഇത് എത്തിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുകയും അതിനുവേണ്ടി അവിടത്തുകാരുടെ സഹായം അന്വേഷിക്കുകയുമാണ്. ഇത്തരം സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്.

### അക്വബഃ ഉടമ്പടികൾ

ഹജ്ജിന് വരുന്നവരെ നബിﷺ പിന്തുടരുമായിരുന്നു. അവരുടെ താമസസ്ഥലങ്ങളിൽ പോയി, അല്ലാഹുവിന്റെ സന്ദേശം ജനങ്ങളിലേക്ക് എത്തിക്കാനായി സഹായിക്കാൻ ആരുണ്ടെന്നും അതിനായി അഭയം നൽകാൻ ആരെങ്കിലുമുണ്ടോ എന്നും ചോദിക്കുകയും, അതിന് തയ്യാറുള്ളവർക്ക് സ്വർഗം ലഭിക്കുമെന്ന് സന്തോഷവാർത്ത നൽകി ജനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഒറ്റയും തെറ്റയുമായി പലരും ഇസ്‌ലാമിലേക്ക് കടന്നുവരാൻ തുടങ്ങി.

യഥ്‌രിബ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഇന്നത്തെ മദീനയിൽനിന്നും കുറച്ചുപേർ ഇസ്‌ലാം സ്വീകരിച്ചു. അവർ നബിﷺയുമായി അക്വബ എന്ന സ്ഥലത്തുവെച്ച് നബിﷺയിൽ വിശ്വസിക്കാമെന്ന് പറഞ്ഞ് ഉടമ്പടി ചെയ്യുകയുണ്ടായി. ഇതാണ് ഒന്നാം അക്വബ ഉടമ്പടി എന്ന പേരിൽ അറിയപ്പെടുന്നത്. ഉബാദത്ത് ഇബ്നു സ്വാമിത്ؓ അതിൽ ഒരാളായിരുന്നു. അദ്ദേഹം പറയുന്നു: "അന്ന് ഞങ്ങൾ പന്ത്രണ്ട് പേരാണ് ഉണ്ടായിരുന്നത്. അങ്ങനെ ഞങ്ങൾ അല്ലാഹുവിൽ ഒന്നിനെയും പങ്കുചേർക്കുകയില്ലെന്നും ഞങ്ങൾ മോഷണം നടത്തുകയില്ല, വ്യഭിചരിക്കുകയില്ല, ഞങ്ങൾ ഞങ്ങളുടെ മക്കളെ (ദാരിദ്ര്യഭയത്താൽ) കൊല്ലുകയില്ല, ഞങ്ങൾ അപവാദ പ്രചാരണം നടത്തുകയില്ല, നല്ല കാര്യങ്ങളിൽ (നബിﷺയോട്) അനുസരണക്കേട് കാണിക്കുകയുമില്ല എന്ന് പറഞ്ഞ് അല്ലാഹുവിന്റെ റസൂലിﷺന് ബയ്അത്ത് (അനുസരണപ്രതിജ്ഞ) ചെയ്യുകയുണ്ടായി. ഈ കരാറുകൾ ശരിയാംവിധം പാലിക്കുന്നതായാൽ നിങ്ങൾക്ക് സ്വർഗമുണ്ടെന്നും, ഇതിൽനിന്ന് വല്ലതും മൂടിവെക്കുന്നപക്ഷം നിങ്ങളുടെ കാര്യം അല്ലാഹു തീരുമാനിക്കുന്നതാണെന്നും, അവൻ ഉദ്ദേശിക്കുന്നുവെങ്കിൽ നിങ്ങളെ ശിക്ഷിക്കുകയും അല്ലെങ്കിൽ അവൻ നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ് എന്നും നബിﷺ അവരെ അറിയിക്കുകയും ചെയ്തു. ഇതായിരുന്നു ഒന്നാമത്തെ അക്വബ ഉടമ്പടി.

നബിﷺയിൽ വിശ്വസിക്കുകയും അവിടുത്തോട് കരാറെടുക്കുകയും ചെയ്ത ആ കൊച്ചുസംഘത്തിന്റെ കൂടെ നബിﷺ അന്ന് ഇറക്കപ്പെട്ടിട്ടുള്ള മതനിയമങ്ങളെ പറ്റി പഠിപ്പിക്കുന്നതിനായി മുസ്അബ് ബ്നു ഉമയ്റിؓനെ അയക്കുകയുണ്ടായി. മുസ്അബ്ؓ യഥ്‌രിബിൽ തന്നെ ഏൽപിച്ചിട്ടുള്ള ഉത്തരവാദിത്തം ഭംഗിയായി നിർവഹിക്കാൻ തുടങ്ങി. അങ്ങനെ ഇസ്‌ലാമിന് വമ്പിച്ച പ്രചാരമുണ്ടായി. അത് അടുത്ത വർഷം മക്കയിലേക്ക് നല്ലൊരു സംഘം ഹജ്ജിന് വരാൻ നിമിത്തമായി. അങ്ങനെ അടുത്ത വർഷം വീണ്ടും ഒരു വലിയ സംഘം ഹജ്ജിന് വരികയാണ്. എഴുപത്തിമൂന്ന് പേരടങ്ങുന്ന വലിയ ഒരു സംഘമായിരുന്നു അത്. രണ്ടു സ്ത്രീകളും അവരിൽ ഉണ്ടായിരുന്നു. 'മക്കയിലെ ഈ പർവതനിരകൾക്കിടയിൽ തട്ടിക്കളിക്കാനും പേടിപ്പെടുത്താനുമായി എന്തിന് നബിﷺയെ നാം വിട്ടു കൊടുക്കണം? നമുക്ക് നബിﷺയെ നമ്മുടെ രാജ്യത്തേക്ക് കൊണ്ടുപോകാം; സംരക്ഷണം നൽകാം.' എന്ന് അവർ പരസ്പരം പറയുന്നുണ്ടായിരുന്നു.

അങ്ങനെ അവരും നബിﷺയെ സമീപിക്കുകയാണ്. അക്വബ മലഞ്ചെരുവിൽ ഒരുമിക്കാനായി സമയവും സ്ഥലവും തീരുമാനിച്ചു. ഇവരുടെ കൂടെ യഥ്‌രിബിൽനിന്നും വന്ന മറ്റു ആളുകളും ഉണ്ട്. അവരുടെ കൂടെത്തന്നെ അന്ന് രാത്രി ഉറങ്ങി. രാത്രിയുടെ മൂന്നിൽ ഒന്ന് പിന്നിട്ടപ്പോൾ നേരത്തെ പറഞ്ഞുറപ്പിച്ച ആ സ്ഥലത്തേക്ക് ആരും അറിയാതെ പുറപ്പെട്ടു. പാത്തും പതുങ്ങിയും അവർ നബിﷺയുടെ അടുത്തേക്ക് നീങ്ങാൻ തുടങ്ങി. അങ്ങനെ അക്വബഃയിൽവെച്ച് നബിﷺയും ഈ സംഘവും ഒരുമിച്ചു കൂടി. ആ സമയത്ത് നബിﷺയുടെ പിതൃവ്യൻ അബ്ബാസ് ഇബ്നു അബ്ദിൽ മുത്ത്വലിബുംؓ ഉണ്ടായിരുന്നു. മക്കയിലെ മുശ്‌രിക്കുകൾ അറിയാതെ പാതിരാവും പിന്നിട്ട നേരത്ത് അവർ സംസാരം തുടങ്ങി. നബിﷺയോട് എടുക്കേണ്ട ഉടമ്പടി എന്താണെന്ന് അവിടുന്ന് തന്നെ അവർക്ക് പറഞ്ഞുകൊടുത്തു:

'നിങ്ങൾക്ക് ഉന്മേഷമുള്ളപ്പോഴും അലസതയുള്ളപ്പോഴും ഞാൻ പറയുന്നത് കേൾക്കുമെന്നും എന്നെ അനുസരിക്കുമെന്നും ഞെരുക്ക-എളുപ്പ സമയങ്ങളിൽ നിങ്ങൾ ചെലവഴിക്കുമെന്നും നന്മകൽപിക്കുകയും തിന്മവിരോധിക്കുകയും ചെയ്യുമെന്നും അല്ലാഹുവിനു വേണ്ടി സംസാരിക്കുമെന്നും അല്ലാഹുവിന്റെ മാർഗത്തിൽ ഒരു ആക്ഷേപകന്റെ ആക്ഷേപത്തെയും പേടിക്കില്ലെന്നും ഞാൻ നിങ്ങളുടെ കൂടെ വന്നാൽ നിങ്ങളുടെ ശരീരത്തെയും ഇണകളെയും സന്താനങ്ങളെയും പ്രതിരോധിക്കുകയും സഹായിക്കുകയും ചെയ്യുന്നത് പോലെ നിങ്ങൾ എന്നെ സഹായിക്കാമെന്നും എന്നെ പ്രതിരോധിക്കാമെന്നും നിങ്ങൾ എനിക്ക് കരാർ ചെയ്യുവിൻ.'

ഇപ്രകാരം ചെയ്യുന്നപക്ഷം നിങ്ങൾക്ക് സ്വർഗമുണ്ടായിരിക്കുമെന്ന് അറിയിക്കുകയും ചെയ്തു. ഇതെല്ലാം കേട്ടപ്പോൾ അവർ എല്ലാവരും നബിﷺയുടെ അടുത്തേക്ക് ചെന്നു. ഈ പറഞ്ഞ എല്ലാ കാര്യത്തിലും അവർ ഉടമ്പടിയെടുക്കുകയും ചെയ്തു. ഇതാണ് രണ്ടാം അക്വബ ഉടമ്പടി എന്ന പേരിൽ അറിയപ്പെടുന്നത്. ഈ ഉടമ്പടികളാണ് നബിﷺയുടെ മദീനയിലേക്കുള്ള ഹിജ്റക്ക് വഴിയൊരുക്കിയത്.

ശമീർ മദീനി
shameermadeeni@gmail.com

വിവർത്തനം



# ആരാധനകൾക്കൊരു ആമുഖം

**ഇബ്നുൽ ഖയ്യിം അൽജൗസി രചിച്ച**
**‘അൽ വാബിലുസ്സ്വയ്യിബ്’ എന്ന ഗ്രന്ഥത്തിന്റെ വിവർത്തനം**

12

**നീ** എങ്ങനെയാണോ പെരുമാറുന്നത് അപ്രകാരമായിരിക്കും നിന്നോടും പെരുമാറുക. അതിനാൽ നിന്റെ ഇഷ്ടംപോലെ നീ ആയിക്കൊള്ളുക. നിശ്ചയം, അല്ലാഹു നിന്നോട് പെരുമാറുക നീ അവനോടും അവന്റെ ദാസന്മാരോടും എങ്ങനെയാണോ സമീപിച്ചത് അതുപോലെയായിരിക്കും.

കപടവിശ്വാസികൾ അവരുടെ അവിശ്വാസം ഒളിപ്പിച്ചുവെച്ചുകൊണ്ട് പുറമെ ഇസ്‌ലാം നടിച്ചവരാണല്ലോ. അതിനാൽ അന്ത്യനാളിൽ ‘സ്വിറാത്തിൻമേൽ’ ആയി അവർക്ക് പ്രകാശം കാണിച്ചുകൊടുക്കും. അവർക്ക് തോന്നും ആ പ്രകാശംകൊണ്ട് സ്വിറാത്ത് പാലം മുറിച്ചുകടന്ന് മുന്നോട്ടു പോകാമെന്ന്. എന്നാൽ അവർ അതിനടുത്തെത്തിയാൽ പ്രസ്തുത പ്രകാശം

അവൻ കെടുത്തിക്കളയുകയും അത് മുറിച്ചുകടന്ന് മുന്നോട്ടുപോകാൻ സാധിക്കാതെവരികയും ചെയ്യും. അതായത് അവർ പ്രവർത്തിച്ച രൂപത്തിൽ തന്നെയുള്ള പ്രതിഫലമെന്ന നിലയിൽ അങ്ങനെയാണ് അവിടെ നൽകപ്പെടുക.

അപ്രകാരം തന്നെ അല്ലാഹുവിന് അറിയാവുന്നതിന് വിരുദ്ധമായ, അഥവാ തങ്ങളുടെ രഹസ്യ സത്യങ്ങൾക്ക് വിപരീതമായി മറ്റുള്ളവരോട് വേറൊന്ന് പ്രകടിപ്പിച്ചുകൊണ്ട് ജീവിക്കുന്നവർ, ഇഹപര വിജയത്തിന്റെയും രക്ഷയുടെയും മാർഗങ്ങൾ അല്ലാഹു അവർക്ക് മുന്നിൽ വെളിവാക്കിക്കൊടുക്കും. പക്ഷേ, അതിന്റെ വിപരീതമായതായിരിക്കും അവരെ കാത്തിരിക്കുന്നത്

നബിﷺ പറയുന്നു: "ആരെങ്കിലും ജനങ്ങളെ കാണിക്കുവാനോ കേൾപ്പിക്കുവാനോ വേണ്ടി വല്ലതും ചെയ്താൽ അവരുടെ ഉദ്ദേശമനുസരിച്ച് അല്ലാഹു ആക്കിത്തീർക്കുന്നതാണ്" (ബുഖാരി, മുസ്‌ലിം).

തീർച്ചയായും മാന്യനും ഉദാരമതിയുമായ ഒരു ധർമിഷ്ഠന്, ചെലവഴിക്കാതെ പിടിച്ചുവെക്കുന്ന പിശുക്കന് നൽകാത്ത പലതും അല്ലാഹു നൽകുന്നതാണ്. അയാൾക്ക് മാനസികമായും സ്വഭാവപരമായും ഉപജീവനത്തിലും ജീവനോപാധികളിലും മറ്റുമൊക്കെ അഭിവൃദ്ധിയും വിശാലതയും അല്ലാഹു നൽകുന്നതാണ്. അഥവാ അയാളുടെ പ്രവർത്തനത്തിന്റേതായ രീതിയിൽതന്നെയുള്ള പ്രതിഫലം അയാൾക്ക് കിട്ടും.

മറ്റൊന്ന് ഹദീഥിൽ പറഞ്ഞത്; "അല്ലാഹുവിനെ നിങ്ങൾ സ്മരിക്കുവാൻ (ദിക്ർ ചെയ്യുവാൻ) അവൻ നിങ്ങളോട് കൽപിച്ചിരിക്കുന്നു. നിശ്ചയം, അതിന്റെ ഉപമ ശത്രുക്കൾ ധൃതിപ്പെട്ടു പിന്നാലെ കൂടിയ ഒരാളുടേത് പോലെയാണ്. അങ്ങനെ അയാൾ ശക്തവും സുരക്ഷിതവുമായ ഒരു കോട്ടയുടെ അടുക്കലെത്തി. തന്റെ ശരീരത്തെ ശത്രുക്കളിൽനിന്നും സുരക്ഷിതമാക്കി. അപ്രകാരം അല്ലാഹുവിനെക്കുറിച്ചുള്ള 'ദിക്ർ' (സ്മരണ) ആണ് ഒരു ദാസനെ പിശാചിൽനിന്ന് രക്ഷപ്പെടുത്തുന്നത്."

അല്ലാഹുവിനെക്കുറിച്ചുള്ള ദിക്റിൽ ഈ ഒരു കാര്യമല്ലാതെ മറ്റൊന്നുമില്ലായെന്ന് സങ്കൽപിച്ചാൽ പോലും സത്യത്തിൽ ഒരാളുടെ നാവ് അല്ലാഹുവിനെ പ്രകീർത്തിക്കുന്നതിൽനിന്നും തളർന്ന് പിൻവാങ്ങുകയില്ല. പ്രത്യുത അല്ലാഹുവിനെക്കുറിച്ചുള്ള 'ദിക്ർ'കൊണ്ട് അത് സദാസമയവും സജീവമായിരിക്കും. എന്തുകൊണ്ടെന്നാൽ തന്റെ ശത്രുവിൽനിന്ന് അയാൾക്ക് സുരക്ഷിതത്വം കിട്ടുന്നത് അതുകൊണ്ട് മാത്രമാണ്. അല്ലാഹുവിനെ സ്മരിക്കുന്നതിൽനിന്ന് അശ്രദ്ധമാകുന്ന ആ അശ്രദ്ധയുടെ വാതിലിലൂടെയല്ലാതെ ശത്രുവിന് അയാളുടെ അടുക്കൽ കടന്നുവരാൻ കഴിയുകയില്ല. അതിനാൽ ശത്രു അത് കാത്തിരിക്കുകയാണ്. അങ്ങനെ ഒരാൾ ഏത് സമയത്ത് 'ദിക്റി'ൽ നിന്ന് അശ്രദ്ധയിലാകുന്നുവോ (ഗഫ്‌ലത്ത്) അപ്പോൾ ശത്രു അയാൾക്കുനേരെ ചാടിവീഴുകയും അയാളെ കീഴ്‌പ്പെടുത്തുകയും ചെയ്യും. എപ്പോൾ അയാൾക്ക് അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണ (ദിക്ർ) ഉണ്ടാകുന്നുവോ അപ്പോൾ അല്ലാഹുവിന്റെ ശത്രു പിന്മാറുകയും നിസ്സാരനായി ഒളിക്കുകയും ചെയ്യും. എത്രത്തോളമെന്നാൽ ഒരു ചെറുകുരുവിയെപോലെ, അല്ലെങ്കിൽ ഒരു ഈച്ചയെപോലെ ആയിത്തീരും. അതിനാലാണ് 'ദുർബോധനം നടത്തി പിന്മാറിക്കളയുന്നവൻ' (അൽവസ്‌വാസിൽ ഖന്നാസ്) എന്ന് അവനെക്കുറിച്ച് പറയപ്പെട്ടത്. അതായത് ഹൃദയങ്ങളിൽ ദുർമന്ത്രണം നടത്തുകയും അല്ലാഹുവിനെക്കുറിച്ച് പറയപ്പെട്ടാൽ അതിൽനിന്ന് പിന്മാറി ഒളിക്കുകയും ചെയ്യുന്നു എന്നർഥം.

ഇബ്നു അബ്ബാസ്‌رضي الله عنه പറയുന്നു: "പിശാച് മനുഷ്യന്റെ ഹൃദയത്തിനടുക്കൽ വിടാതെ കാത്തിരിക്കുകയാണ്. അവൻ മറക്കുകയോ അശ്രദ്ധയിലാവുകയോ ചെയ്താൽ പിശാച് ദുർമന്ത്രണം നടത്തും. എന്നാൽ അയാൾ അല്ലാഹുവിനെ സ്മരിച്ചാൽ അവൻ പിന്മാറിക്കളയും" (ഇബ്നു അബീശൈബ മുസ്വന്നഫിൽ ഉദ്ധരിച്ചത്. ഇമാം ബുഖാരി ഇതിനു സമാനമായരൂപത്തിൽ 'തഅലീകാ'യും ഉദ്ധരിച്ചിട്ടുണ്ട്).

ഇമാം അഹ്‌മദിന്റെ മുസ്നദിൽ മുആദുബ്നു ജബലിرضي الله عنهൽനിന്നും ഉദ്ധരിക്കുന്നു: നബിﷺ പറഞ്ഞു: "അല്ലാഹുവിനെ സ്മരിക്കുക എന്നതിനെക്കാൾ അല്ലാഹുവിന്റെ ശിക്ഷയിൽനിന്നും രക്ഷ നൽകുന്ന ഒരു കർമവും ഒരാളും ചെയ്യുന്നില്ല."

മുആദ്رضي الله عنه പറയുന്നു: "നബിﷺ പറഞ്ഞു: 'നിങ്ങളുടെ കർമങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതും നിങ്ങളുടെ രാജാധിരാജനായ അല്ലാഹുവിന്റെയടുക്കൽ ഏറ്റവും വിശുദ്ധമായതും നിങ്ങളുടെ പദവികളിൽ ഏറ്റവും ഉയർന്നതും സ്വർണവും വെള്ളിയും ചെലവഴിക്കുന്നതിനെക്കാൾ നിങ്ങൾക്ക് ഉത്തമമായതും നിങ്ങൾ നിങ്ങളുടെ ശത്രുവിനെ കണ്ടുമുട്ടുകയും എന്നിട്ട് നിങ്ങൾ അവരുടെ പിരടിക്ക് വെട്ടുകയും അവർ നിങ്ങളുടെ

പിരടിക്ക് വെട്ടുകയും ചെയ്യുന്നതിനെക്കാളും (അഥവാ സത്യമാർഗത്തിലുള്ള നിങ്ങളുടെ പോരാട്ടത്തെക്കാളും) ഉത്തമമായ ഒരു കാര്യത്തെക്കുറിച്ചു ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടയോ?' സ്വഹാബിമാർ പറഞ്ഞു: 'അതെ, പ്രവാചകരേ അറിയിച്ചു തന്നാലും.' അവിടുന്ന് പറഞ്ഞു: 'മഹത്ത്വമുള്ളവനും പ്രതാപവാനുമായ അല്ലാഹുവിനെക്കുറിച്ചുള്ള സ്മരണയാ(ദിക്ർ)കുന്നു അത്'' (ഇമാം അഹ്മദ് ഉദ്ധരിച്ചത്, ഇതിന്റെ പരമ്പര (സനദ്) മുറിഞ്ഞുപോയിട്ടുണ്ട്).

സ്വഹീഹ് മുസ്‌ലിമിൽ അബുഹുറയ്‌റ(റ)യിൽനിന്നും ഇപ്രകാരം ഉദ്ധരിക്കുന്നു: അദ്ദേഹം പറഞ്ഞു: "നബി(ﷺ) ഒരിക്കൽ മക്കയിലേക്കുള്ള വഴിയിൽ സഞ്ചരിക്കുകയായിരുന്നു. അങ്ങനെ ജുംദാൻ എന്ന് പേരുള്ള ഒരു മലയുടെ അടുത്തുകൂടി കടന്നുപോയപ്പോൾ നബി(ﷺ) പറഞ്ഞു: 'നിങ്ങൾ മുന്നേറുക. ഇത് ജുംദാൻ കുന്നാണ്. മുൻകടന്നവർ വിജയിച്ചു.' സ്വഹാബിമാർ ചോദിച്ചു: 'നബിയേ, ആരാണ് മുൻകടന്നവർ?' നബി(ﷺ) പറഞ്ഞു: 'അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്ന പുരുഷന്മാരും സ്ത്രീകളും)."

സുനനു അബീദാവൂദിൽ അബൂഹുറയ്‌റ(റ)യിൽനിന്നും ഇപ്രകാരം ഉദ്ധരിക്കുന്നതായി കാണാം: "ഏതൊരുവിഭാഗം ആളുകൾ ഒരു സദസ്സിൽ ഇരിക്കുകയും എന്നിട്ട് അവിടെവെച്ച് അല്ലാഹുവിനെ സ്മരിക്കാതെ എഴുന്നേറ്റുപോവുകയും ചെയ്യുന്നുവോ അവരുടെ ഉപമ ചീഞ്ഞളിഞ്ഞ കഴുതയുടെ ശവത്തിന്റെ അടുത്തുനിന്നും എഴുന്നേറ്റുപോയവനെ പോലെയാണ്. തങ്ങൾ വീഴ്ചവരുത്തിയ നന്മയെ ഓർത്ത് അവർ ഖേദിക്കുന്നതാണ്" (അബുദാവൂദ്, അഹ്മദ്, ഹാകിം).

തിർമിദിയുടെ റിപ്പോർട്ടിൽ ഇങ്ങനെയുമുണ്ട്: "ഏതൊരു വിഭാഗം ഒരു സദസ്സിൽ ഇരിക്കുകയും എന്നിട്ട് അല്ലാഹുവിനെ സ്മരിക്കുകയോ പ്രവാചകന്റെമേൽ സ്വലാത്ത് പറയുകയോ ചെയ്യാതെ പോവുകയും ചെയ്താൽ അത് അവരുടെ ഒരു വീഴ്ചയായിരിക്കും. അല്ലാഹു ഉദ്ദേശിക്കുന്നപക്ഷം ഒന്നുകിൽ അവരെ ശിക്ഷിക്കും. അല്ലങ്കിൽ അവർക്ക് അവൻ പൊറുത്തുകൊടുക്കും" (തിർമിദി, അഹ്മദ്, ത്വബ്‌റാനി).

സ്വഹീഹു മുസ്‌ലിമിൽ അൽഅഗർറ് അബൂമുസ്‌ലിമി(റ)ൽനിന്നും ഇപ്രകാരം ഉദ്ധരിക്കുന്നു: "നബി(ﷺ) പറഞ്ഞതായി അബൂഹുറയ്‌റ(റ)യും അബൂസഈദും(റ) സാക്ഷ്യപ്പെടുത്തിയതിന് ഞാൻ സാക്ഷിയാണ്: 'ഏതൊരു ജനത അല്ലാഹുവിനെ സ്മരിച്ചുകൊണ്ട് ഇരിക്കുന്നുവോ മലക്കുകൾ അവർക്ക് ചുറ്റും കൂടുകയും അല്ലാഹുവിന്റെ പ്രത്യേക കാരുണ്യം അവരെ ആവരണം ചെയ്യുകയും ശാന്തി അവരിലേക്ക് പെയ്തിറങ്ങുകയും ചെയ്യുന്നതാണ്. അല്ലാഹു അവന്റെ സമീപസ്ഥരോട് അവരെക്കുറിച്ചു പറയുകയും ചെയ്യും" (മുസ്‌ലിം).

അബ്ദുല്ലാഹിബ്നു ബുസ്‌റി(റ)ൽനിന്ന് ഇമാം തിർമിദി ഉദ്ധരിക്കുന്നു: "ഒരിക്കൽ ഒരാൾ നബി(ﷺ)യോട് ചോദിച്ചു: 'പ്രവാചകരേ, നന്മയുടെ കവാടങ്ങൾ നിരവധിയാണ്. അവയെല്ലാംകൂടി നിർവഹിക്കാൻ ഞാൻ അശക്തനാണ്. അതിനാൽ എനിക്ക് കൈവിടാതെ കൊണ്ടുനടക്കാൻ പറ്റിയ ഒരു കാര്യം അറിയിച്ചു തന്നാലും. അധികരിച്ചു പറഞ്ഞാൽ ഞാൻ മറന്നുപോയെങ്കിലോ!''

മറ്റൊരു നിവേദനത്തിൽ ഇങ്ങനെയാണ്: "ഇസ്‌ലാമിന്റെ നിയമനിർദേശങ്ങൾ ധാരാളമുള്ളതായി ഞാൻ മനസ്സിലാക്കുന്നു. എനിക്കാകട്ടെ പ്രായം ഏറെയായി. അതിനാൽ എനിക്ക് വിട്ടുകളയാതെ കൊണ്ടുനടക്കാവുന്ന ഒരു കാര്യം പറഞ്ഞുതരുമോ? അധികരിച്ചു പറഞ്ഞാൽ ഞാൻ മറന്നുപോകുമെന്ന് ഭയപ്പെടുന്നു.' അപ്പോൾ നബി(ﷺ) പറഞ്ഞു: 'താങ്കളുടെ നാവ് അല്ലാഹുവിനെക്കുറിച്ചുള്ള 'ദിക്ർ'കൊണ്ട് പച്ചപിടിച്ചുനിൽക്കട്ടെ!' (തിർമിദി, അഹ്മദ്, ഇബ്നുമാജ തുടങ്ങിയവർ ഉദ്ധരിച്ചത്).

അബൂസഈദി(റ)ൽനിന്ന് ഇമാം തിർമിദി ഉദ്ധരിക്കുന്നു: "നബി(ﷺ) ഒരിക്കൽ ചോദിക്കപ്പെട്ടു: 'അന്ത്യനാളിൽ അല്ലാഹുവിന്റെ അടുക്കൽ ഏറ്റവും ഉയർന്ന പദവിയും ശ്രേഷ്ഠതയും ഉള്ളത് ഏത് വ്യക്തിക്കാണ് റസൂലേ?' അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിനെ ധാരാളമായി സ്മരിക്കുന്നവർക്ക്.' ചോദിക്കപ്പെട്ടു: 'അല്ലാഹുവിന്റെ റസൂലേ, അല്ലാഹുവിന്റെ മാർഗത്തിൽ യുദ്ധംചെയ്തവരെക്കാളുമോ?' നബി(ﷺ) പറഞ്ഞു: 'ഒരാൾ തന്റെ വാളുകൊണ്ട് (എതിർസൈന്യത്തിലുള്ള) സത്യനിഷേധികളെയും ബഹുദൈവാരാധകരെയും വെട്ടുകയും അങ്ങനെ ആയുധം ഒടിയുകയും രക്തംപുരളുകയും ചെയ്താലും അല്ലാഹുവിനെ ദിക്ർചെയ്യുന്ന (സ്മരിക്കുന്ന) വ്യക്തിതന്നെയാണ് അദ്ദേഹത്തെക്കാൾ ശ്രേഷ്ഠമായ പദവിയിലുള്ളത്" (തിർമിദി, അഹ്മദ്, അബൂയഅ്‌ല മുതലായവർ ദുർബലമായ സനദിലൂടെ ഉദ്ധരിച്ചത്. ഇമാം തിർമിദിയും ഇബ്നുൽ ക്വയ്യിം തന്റെ തഹ്ദീബുസ്സുനനിലും ഇതിന്റെ ദുർബലതയെക്കുറിച്ച് ഉണർത്തിയിട്ടുണ്ട്: കുറിപ്പ്).

സ്വഹീഹുൽ ബുഖാരിയിൽ അബൂമൂസ ﷺ ന ബിﷺയിൽനിന്നും നിവേദനം ചെയ്യുന്നു: "തന്റെ രക്ഷിതാവിനെ സ്മരിക്കുന്നയാളുടെയും സ്മരിക്കാത്തയാളുടെയും ഉപമ ജീവനുള്ളയാളുടെയും ജീവൻ നഷ്ടപ്പെട്ടയാളുടെയും പോലെയാകുന്നു."

അബൂഹുറയ്റ ﷺയിൽനിന്ന് ഇമാം ബുഖാരിയും ഇമാം മുസ്ലിമും ഇപ്രകാരം ഉദ്ധരിക്കുന്നു: "ന ബിﷺ പറഞ്ഞു: "അല്ലാഹു തആല പറഞ്ഞിരിക്കുന്നു: 'എന്നെക്കുറിച്ച് എന്റെ അടിമ കരുതുന്നിടത്താണ് ഞാൻ. അവൻ എന്നെ സ്മരിച്ചാൽ ഞാൻ അവനോടൊപ്പമുണ്ടാകും. അവൻ എന്നെ അവന്റെ മനസ്സിൽ സ്മരിച്ചാൽ അവനെ ഞാൻ എന്റെ മനസ്സിലും സ്മരിക്കും. അവൻ എന്നെ ഒരു സദസ്സിൽ സ്മരിച്ചാൽ ഞാൻ അവനെ അതിനെക്കാൾ ഉത്തമമായ ഒരു സദസ്സിൽ സ്മരിക്കും. അവൻ എന്നിലേക്ക് ഒരു ചാൺ അടുത്താൽ ഞാൻ അവനിലേക്ക് ഒരു മുഴം അടുക്കും. അവൻ എന്നിലേക്ക് ഒരു മുഴം അടുത്താൽ ഞാൻ അവനിലേക്ക് ഒരു മാറ് അടുക്കും. അവൻ എന്നിലേക്ക് നടന്നുവന്നാൽ ഞാൻ അവനിലേക്ക് ഓടി ച്ചെല്ലും."

അനസി ﷺൽനിന്ന് തിർമിദി ഉദ്ധരിക്കുന്നു: "നിശ്ചയം നബിﷺ പറഞ്ഞു: 'നിങ്ങൾ സ്വർഗീയ പൂന്തോപ്പിനടുത്തുകൂടി നടന്നുപോവുകയാണെങ്കിൽ നിങ്ങളതിൽനിന്നും ഭക്ഷിക്കുക.' സ്വഹാബിമാർ ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എന്താണ് സ്വർഗീയ പൂന്തോപ്പുകൾ?' അവിടുന്ന് പറഞ്ഞു: 'അല്ലാഹുവിനെ സ്മരിക്കുന്ന സദസ്സുകൾ' (തിർമിദി, അഹ്മദ്, അബൂയഅ്ല മുതലായവർ ഉദ്ധരിച്ചത്. ഈ റിപ്പോർട്ടിനു ചില ദുർബലതകൾ പറയപ്പെടുന്നുണ്ടെങ്കിലും ഇതിന് ഉപോൽബലകമായ വേറെയും റിപ്പോർട്ടുകൾ വന്നിട്ടുണ്ട്).



നബിﷺയിൽനിന്ന് ഇമാം തിർമിദി തന്നെ ഉദ്ധരിക്കുന്നു: "അല്ലാഹു തആലാ പറഞ്ഞു: 'നിശ്ചയം, എന്റെ ശരിയായ ദാസൻ എന്ന് പറയുന്നത് ശത്രുവുമായി ഏറ്റുമുട്ടുന്ന സന്ദർഭത്തിൽപോലും എന്നെ സ്മരിക്കുന്നവനാണ്'' (ഇതിന്റെ സനദിൽ ഉഫൈറുബ്നു മഅ്ദാൻ എന്ന വ്യക്തിയുണ്ട്. അദ്ദേഹം ദുർബലനാണ്. എന്നാൽ വേറെ വഴികളിലൂടെയും ഇപ്രകാരം ഉദ്ധരിക്കപ്പെടുന്നതിനാൽ ഹാഫിദ് ഇബ്നു ഹജറി (റഹി)നെപോലെയുള്ളവർ ഇതിനെ 'ഹസൻ' എന്ന ഗണത്തിൽപെടുത്തുന്നു. 'നതാഇജുൽ അഫ്കാർ,' 'ഫുതൂഹാതുർറബ്ബാനിയ്യ' മുതലായവ കാണുക. ശൈഖുൽ ഇസ്ലാം ഇബ്നു തൈമിയ്യ(റഹി)യും ഈ റിപ്പോർട്ട് പരിഗണിച്ചിട്ടുണ്ട്).

ദിക്ർ ചെയ്യുന്നവരിൽ ഏറ്റവും ശ്രേഷ്ഠർ ധർമസമരം ചെയ്യുന്നവരാണ്. ധർമസമരം നയിക്കുന്നവരിൽ ഏറ്റവും ഉത്തമർ 'ദിക്ർ' ചെയ്യുന്നവരും (അല്ലാഹുവിനെ സ്മരിക്കുന്നവർ) ആകുന്നു. അല്ലാഹു പറയുന്നു:

"സത്യവിശ്വാസികളേ, നിങ്ങൾ ഒരു (സൈന്യ) സംഘത്തെ കണ്ടുമുട്ടിയാൽ ഉറച്ചുനിൽക്കുകയും അല്ലാഹുവെ അധികമായി ഓർമിക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം." (ക്വുർആൻ 8:45).

ധർമസമരത്തോടൊപ്പം അല്ലാഹുവിനെ ധാരാളമായി സ്മരിക്കുവാനും (ദിക്ർ ചെയ്യുവാൻ) ഇവിടെ സത്യവിശ്വാസികളോട് അല്ലാഹു കൽപിക്കുകയാണ്. അവർ ഉത്തമമായ വിജയ പ്രതീക്ഷയിലായിരിക്കാൻ അതാണ് വേണ്ടത്. അപ്രകാരംതന്നെ സൂറതുൽ അഹ്സാബിലെ 35,41 വചനങ്ങളിൽ അല്ലാഹു പറഞ്ഞത് ശ്രദ്ധേയമാണ്.

"...ധാരാളമായി അല്ലാഹുവെ ഓർമിക്കുന്നവരായ പുരുഷൻമാർ, സ്ത്രീകൾ -ഇവർക്ക് തീർച്ചയായും അല്ലാഹു പാപമോചനവും മഹത്തായ പ്രതിഫലവും ഒരുക്കിവെച്ചിരിക്കുന്നു" (ക്വുർആൻ 33:35).

"സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവിൻ" (ക്വുർആൻ 33:41). **(തുടരും)**

സന്തോഷ് മലയാറ്റിൽ
mail@nerpatham.com

കവിത

# എത്ര പെട്ടെന്നാണ്...!

എത്ര പെട്ടെന്നാണ്
ഒരു മഴമേഘം
ആകാശത്തിന്റെ
നെഞ്ചിൽനിന്നും
അടർന്നുമാറുന്നത്!

എത്ര പെട്ടെന്നാണ്
നമ്മുടെ വരണ്ട-
നിശ്വാസങ്ങളിലേക്ക്
ഒരു കാറ്റ് വീശുന്നത്!

എത്ര പെട്ടെന്നാണ്
പകുതിയെഴുതിയ ചില
ഡയറിക്കുറിപ്പുകൾ
അനാഥമാകുന്നത്!

എത്ര പെട്ടെന്നാണ്
ഒരു പുഞ്ചിരിയിൽനിന്നും
കരച്ചിലിന്റെ ആഴങ്ങളിലേക്ക്
നമ്മൾ ഊളിയിട്ടിറങ്ങുന്നത്!
എത്ര പെട്ടെന്നാണ്
നമ്മൾ ആശ്വസിച്ചിരുന്ന
പ്രതീക്ഷയുടെ കവാടങ്ങൾ
കൊട്ടിയടയ്ക്കപ്പെടുന്നത്!

ഒരു യാത്രയുടെപകുതി
പലപ്പോഴും
അനാഥമാകുന്നുണ്ട്.

എത്ര പെട്ടെന്നാന്ന്
നമ്മുടെ ഇടയിൽനിന്നും
ഒരാൾ അപ്രത്യക്ഷമാകുന്നത്!

ഇനി മൗനങ്ങളെ
കെട്ടഴിച്ചുവിടൂ...
വരൂ...നമുക്കെന്തെങ്കിലും
അൽപനേരം
സംസാരിച്ചിരിക്കാം.



WISDOM
alive
COUNSELLING DESK



## ക്വാറന്റൈനിലാണൊ?

## രോഗ ഭീതി മനസ്സിനെ അസ്വസ്ഥമാക്കുന്നുണ്ടൊ?

# പരിഹാരമുണ്ട്

## Wisdom Alive ലേക്ക് വിളിക്കാം

## വിവിധ ജില്ലകളിൽ ബന്ധപ്പെടേണ്ട നമ്പറുകൾ

**കാസറഗോഡ്**
+919526749667
+918075011566

**കണ്ണൂർ**
+919645099797
+9194474 11307

**വയനാട്**
+919446990991
+919961215816

**കോഴിക്കോട് നോർത്ത്**
+919895626691
+919567858078

**കോഴിക്കോട് സൗത്ത്**
+918547853036
+919895356111

**പാലക്കാട്**
+919656118833
+919847939173

**മലപ്പുറം ഈസ്റ്റ്**
(നിലമ്പൂർ റീജ്യൺ)
+919447749005
+919995662305

**മലപ്പുറം വെസ്റ്റ്**
(തിരൂർ റീജ്യൺ)
+919037159419
+917012095123

**മലപ്പുറം നോർത്ത്**
(മലപ്പുറം റീജ്യൺ)
+919495889689
+919946199288

**തൃശൂർ**
+919446222282
+917510580834

**എറണാകുളം**
+918921655063
+918289880889

**ഇടുക്കി**
+919946545193
+919037640858

**ആലപ്പുഴ**
+919995310518
+918943464478

**കൊല്ലം**
+919895786601
+919947802460

**തിരുവനന്തപുരം**
+919526524467

WISDOM ALIVE COUNCELLING DESK

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2019-21

Nerpatham Weekly
Published on
2021 JULY 10

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-


# അറിവ് തേടി അലയേണ്ടതില്ല... അറിയേണ്ടതെല്ലാം വിരൽ തുമ്പിലുണ്ട്... പീസ് റേഡിയോ.....




GET IT ON Google Play
Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
+91 9746 95 0006 (WHATSAPP ONLY)

**UPI ID** fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App